വായന നമുക്ക് പ്രത്യക്ഷത്തിൽ നൽകുന്ന ഭാഷാ പരിജ്ഞാനം, ഏകാഗ്രത, സ്വപ്നം കാണാനുള്ള കഴിവ്, ഒരു ജീവിതത്തിൽ പല ജീവിതങ്ങൾ ജീവിക്കാനുള്ള അവസരം, എന്നിവയ്ക്ക് പുറമേ ഇതാണ് ഏറ്റവും പ്രധാനപ്പെട്ടത് എന്ന് കരുതുന്നു. അത്തരത്തിൽ നമ്മുടെ വായനകളെ ചിട്ടപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്.

• • •





ഗീതു സനൂപ്

# തിത്തേയി

> "എല്ലാവരും ഭ്രാന്തിയെന്ന് വിളിച്ചവൾ തനിക്കൊരു നിധിച്ചെപ്പായിരുന്നു. കടംകഥകളും കവിതകളും നിറഞ്ഞൊരു നിധിച്ചെപ്പ്"

'അജയാ, നീയറിഞ്ഞോ?, തിത്തേയി മരിച്ചൂത്രേ!"

തൊട്ടടുത്ത പലചരക്കു കടയിലെ കൃഷ്ണേട്ടനാണ്. അവധി ദിവസങ്ങളിൽ പതിവുള്ള സായാഹ്ന നടത്തത്തിൽ ആയിരുന്നു ഞാനപ്പോൾ. ആകാശത്തിനും ഭൂമിയ്ക്കും ഒരേ നിറം. ആ ചുവപ്പ് നിറം പതിയെ പതിയെ എന്റെ ഹൃദയത്തിലേയ്ക്കും വ്യാപിച്ചു. ചോരച്ചുവപ്പ്.

"ശ്രീക്കുട്ടാ...'
പരിഭ്രാന്തമായൊരു ശബ്ദം ചെവിയിൽ മുഴങ്ങുന്നു. കുഞ്ഞിനെ നഷ്ടപ്പെട്ടൊരു അമ്മക്കിളിയുടെ നെഞ്ചുലഞ്ഞ കരച്ചിൽ.

കൈനിറയെ കുപ്പിവളകളും, വാരിച്ചുറ്റിയ മുഷിഞ്ഞ ചേലയും, തനിയെയുള്ള സംസാരവും, വായുവിൽ കൈ ചുഴറ്റിയുള്ള നടപ്പുംകൊണ്ട് തിത്തേയി കുട്ടികൾക്കൊരു പേടിസ്വപ്നമായിരുന്നു.
ആ ദിവസംവരെ തനിക്കും.

ശക്തമായ ഇടിയും കൊള്ളിയാനുമായി ആർത്തലച്ചു പെയ്തൊരു തുലാവർഷമഴയിൽ തന്നെ സുരക്ഷിതമായി വീട്ടിലെത്തിച്ചത് അവരാണെന്ന് ആരോടും പറഞ്ഞില്ല. അമ്മയോടുപോലും.

എന്തോ, അമ്മയ്ക്കവരെ ഇഷ്ടമല്ലായിരുന്നു. 'അശ്രീകരം' എന്ന വാക്കാണ് തിത്തേയിയെ കുറിച്ച് പറയാൻ അമ്മ ഉപയോഗിച്ചിരുന്നത്. പിന്നീട് അവരെ കാണുമ്പോൾ അമ്മ പുഞ്ചിരിച്ചു തുടങ്ങി. തിത്തേയി തിരിച്ചും.

ആദ്യമായി 'ശ്രീക്കുട്ടാ' എന്നവർ വിളിച്ചപ്പോൾ ചിരിച്ചുകൊണ്ടു തന്നെ തിരുത്തി, 'ഞാൻ ശ്രീക്കുട്ടനല്ല, അജയനാണ്.'
അപ്പോഴുമവർ ചിരിച്ചു.

പിന്നീടൊരിക്കൽ അച്ഛമ്മ പറഞ്ഞാണറിഞ്ഞത്, തിത്തേയിയുടെ മകന്റെ പേരായിരുന്നു ശ്രീക്കുട്ടൻ. ആ കുട്ടിയുടെ അച്ഛൻ ആ

കുട്ടിയെ കൊലപ്പെടുത്തി, ആത്മഹത്യ ചെയ്യുകയായിരുന്നു. കാരണമെന്തെന്ന് ആർക്കും അറിയില്ല. പക്ഷേ, കുറ്റപ്പെടുത്തലുകളെല്ലാം സ്വാഭാവികമായി തിത്തേയിക്കെതിരെ തന്നെ.

> **പിന്നീടൊരിക്കലും 'ശ്രീക്കുട്ടാ' എന്നാരുമെന്നെ വിളിച്ചിട്ടില്ല**

അന്നും അമ്മ പറഞ്ഞു, 'അശ്രീകരം'. പക്ഷേ, എന്തിനോ അമ്മയുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

കളിക്കാനെന്നുള്ള വ്യാജേന വീടിനു പുറത്തേക്കുള്ള യാത്രകളെല്ലാം പിന്നീട് തിത്തേയിയെ തേടിയുള്ള തായി.

എല്ലാവരും ഭ്രാന്തിയെന്ന് വിളിച്ചവൾ തനിക്കൊരു നിധിചെപ്പായിരുന്നു. കടംകഥകളും കവിതകളും നിറഞ്ഞൊരു നിധിച്ചെപ്പ്.

ശിവക്ഷേത്രത്തിനു മുന്നിലെ ആ മരത്തിനടുത്ത് എപ്പോഴും ഉണ്ടാവും.
അങ്ങിനെയൊരിക്കൽ അടുത്ത് ചെന്നിരുന്നപ്പോഴാണ് ആദ്യമായി അവരൊരു പാട്ട് പാടിയത്.

'അമ്മേ അമ്മേ അമ്മേ നമ്മടെ അമ്പിളിയമ്മാവനെപ്പോ വരും അമ്മിണി താരക കുഞ്ഞിന്റെ കൂടെ അത്താഴമുണ്ണാനെപ്പോ വരും...'
ഒരു പത്തു വയസ്സുകാരന്റെ ഹൃദയം നിറയാൻ മറ്റെന്തു വേണം? പ്രത്യേകിച്ച് ഒരു താരാട്ട്പാട്ടുപോലും പാടിത്തരാത്ത ഒരമ്മയാണ് ഉള്ളതെങ്കിൽ.

അന്നുമുതൽ ഒരുപാടിഷ്ടമായിരുന്നു തിത്തേയിയെ. സ്ഥിരമായി ആ പാട്ട് പാടിത്തരും.

അങ്ങനെയൊരു ദിവസം
'അമ്പലപ്പാവയും വേണ്ടല്ലോ
കമ്പിളി തൊപ്പിയും വേണ്ടല്ലോ"
എന്ന് പാടിയപ്പോൾ ഞാൻ ചോദിച്ചു, 'എന്താ തിത്തേയി ഈ അമ്പലപ്പാവയും കമ്പിളി തൊപ്പിയും, ഞാനിതുവരെ കണ്ടിട്ടില്ലല്ലോ?

അച്ഛനില്ലാത്ത ദരിദ്രനായ ആ കുട്ടിക്ക് അതെല്ലാം കിട്ടാക്കനി തന്നെയായിരുന്നു.

'തിത്തേയിയുടെ വീടെവിടെയാ? ശരിക്കുള്ള പേര് ശ്രീദേവിയെന്നാണോ? ഹരിയേട്ടൻ പറഞ്ഞല്ലോ.
മറുപടി ഒന്നും പറഞ്ഞില്ല തിത്തേയി. ഒന്ന് ചിരിച്ചു, അത്രമാത്രം.

അന്ന് രാത്രിയിൽ അച്ഛമ്മയോട് ഇതേ ചോദ്യം ആവർത്തിച്ചപ്പോൾ കിട്ടിയ മറുപടി ഇന്നും ഓർമ്മയിലുണ്ട്.

'ഒന്നിന്ന് മുറിച്ചെടുത്ത അര തന്നെ അവളും. പറഞ്ഞുവരുമ്പോ നമ്മടെയൊക്കെ ചോര. പന വെട്ടിയ കുറ്റിയൊന്നുമല്ല, നല്ല അസ്സൽ പട്ട്ള് വെട്ടിയകുറ്റിയന്നെ. പൊട്ടും പൊടിപ്പും ഓക്കേണ്ട്. പറഞ്ഞിട്ടെന്താ? സുകൃതക്ഷയം!.

അച്ഛമ്മയോട് ഒരിക്കലും ദേഷ്യപ്പെടാത്ത അമ്മയന്ന് ദേഷ്യപ്പെട്ടു. പിന്നെ കരഞ്ഞുകൊണ്ട് പറഞ്ഞു,
'എന്റെ കുഞ്ഞിനെ വശീകരിച്ച് വച്ചിരിക്കാ ആ അശ്രീകരം. കുഞ്ഞിന്റെ അച്ഛനെപ്പോലെ തന്നെ.'
"എന്തിനാ സുമേ മരിച്ചുപോയവരെ കുറിച്ച് ഇല്ലാവചനം പറയണെ? ശ്രീദേവിയുടെ വിവാഹത്തിന് മുൻപ് എന്റെ മോനൊരു ഇഷ്ടമുണ്ടായിരുന്നു എന്നുള്ളത് നേരാ. പക്ഷേ, ഒരിക്കലും നീ പറയണ തെറ്റൊന്നും അവൻ ചെയ്തിട്ടില്ല. എനിക്കുറപ്പാ.'
അച്ഛമ്മയും കരഞ്ഞു. കൂടെ ഞാനും.

പിന്നെ പിന്നെ തിത്തേയിയെ കണ്ടാൽ മിണ്ടാതായി. അടുത്തേക്ക് പോകാതായി. അമ്മയും അച്ഛമ്മയും കരയുന്നത് കാണാൻ വയ്യ.

അങ്ങനെ ഒരു വിഷുക്കാലം
ശിവക്ഷേത്രത്തിലെ മതിലിനോട് ചേർന്നൊരു കണിക്കൊന്ന മരമുണ്ട്. കണിവയ്ക്കാനുള്ള പൂ തേടി അന്നവിടെ പോയി.
എന്നെ കണ്ടതും കയ്യിലൊരു പൊതിയുമായി 'ശ്രീക്കുട്ടാ..' എന്ന് വിളിച്ചോടിവന്നു.

ആ പൊതിയിലൊരു മഞ്ഞനിറമുള്ള പാവയും കമ്പിളി തൊപ്പിയും ആയിരുന്നു. അത് എന്റെ കയ്യിലേക്ക് തന്നവരൊന്ന് നിറഞ്ഞ് ചിരിച്ചു.

കണിക്കൊന്ന വേണമെന്ന് പറഞ്ഞപ്പോൾ അവരാ മതിലിൽ കയറി. ശേഷം കാണുന്നത് മുഖമടച്ച് തറയിൽ വീഴുന്ന തിത്തേയിയെ ആണ്. മണലിൽ ഒഴുകിപ്പരന്ന ചോര കണ്ട് ഭയന്നുപോയി താൻ.

ഓടി, തിരിഞ്ഞു നോക്കാതെ ഓടി. അപ്പോഴും പാവയും തൊപ്പിയും കയ്യിലുണ്ടായിരുന്നു.
വീട്ടിൽ ചെന്ന് അച്ഛമ്മയേയും അമ്മയെയും കൂട്ടി വരുമ്പോഴേക്കും ആരൊക്കെയോ തിത്തേയിയെ ആശുപത്രിയിൽ കൊണ്ടുപോയിരുന്നു.

പിന്നീടൊരിക്കലും 'ശ്രീക്കുട്ടാ' എന്നാരുമെന്നെ വിളിച്ചിട്ടില്ല.
തിത്തേയിയുടെ ഓർമ്മ പൂർണ്ണമായും നഷ്ടമായിരുന്നു.
വീടിനടുത്തുള്ള കരുണാശ്രമത്തിലായിരുന്നു തിത്തേയി ഇതുവരെ.

ഓർമ്മകളില്ലാത്ത നീണ്ട ഇരുപത് വർഷങ്ങൾ.
ഇടയ്ക്ക് കാണാൻ പോകും, അടുത്തിരിക്കും, പാട്ടുപാടിക്കൊടുക്കും. ചിലപ്പോഴൊക്കെ അമ്മയും വരും കൂടെ.

ഉദകക്രിയക്ക് ശേഷം അമ്മയുടെ മടിയിൽ തലവച്ച് കിടന്നു. പാവയെയും തൊപ്പിയേയും നനച്ചുകൊണ്ട് കണ്ണുനീർ ഒഴുകിപ്പരന്നു.





ബിന്ദു സുകുമാരൻ

# പത്തരമാറ്റുള്ളൊരോണം

ഓർമയിലിന്നും, പ്രിയമാമൊരോണം
കൗമാരത്തിൻ വെയിൽ ചൂടേറ്റ,
നീണ്ടിടതൂർന്ന മുടിയിഴതൻ നേർത്ത നനവുള്ള,
നെറ്റിയിലെ ചന്ദനത്തിൻ സുഗന്ധമുള്ളൊരോണം.
അത്തപ്പൂവിനും മുൻപേയെത്തും മുത്തശ്ശി,
ഉത്സാഹതിമിർപ്പിൽ ഉച്ചത്തിൽ പാടിയും
തിരുവാതിരകളാടിയും എത്രയോ സന്ധ്യകൾ.
നിലവിളക്കിൻ നേരിയ വെളിച്ചത്തിൽ മിന്നിമറയുന്നു,
മുത്തശ്ശിതൻ ചുവന്ന മൂക്കുത്തി തിളക്കം.
പുലരിയിൽ മുറ്റത്തു, പത്രത്താളിൽ പൂക്കൾ നിരത്തി,
ഇതളുകളോരോന്നായി അടർത്തിടും മുത്തശ്ശി.
മഞ്ഞയും ചുവപ്പും വെളുപ്പും പൂവിതളുകളാൽ
പൂക്കളം തീർക്കാൻ എനിക്കന്നുമിന്നുമേറെ ഇഷ്ടം.
അന്നത്തെ ആഘോഷത്തിൻ പൊൻശോഭയിൽ,
നിനയ്ക്കാതെയെത്തിയ പൂക്കളെ സമ്മാനത്തിൻ,
ഒപ്പം ചേർന്ന സൗഹൃദത്തിൻ പത്തരമാറ്റും.
മുത്തശ്ശിയില്ലാത്തൊരോണങ്ങളെത്രയോ വന്നുപോയ്,
എന്നിട്ടും, ഇന്നുമാ ഓണത്തിനെന്തിത്ര ചന്തം!





ബിന്ദു ഗോപാലകൃഷ്ണൻ

# മാതൃത്വം



നീയെൻ ഹൃദയത്തിൽ വന്നുചേർന്നൊരു ദിനം
ഈ ലോകമെത്രസുന്ദരം
അമ്മയെന്നുള്ളൊരു നിൻവിളിയിലെൻ
മനം കോരിത്തരിച്ചു
എന്നാത്മാവിൻ ആഴത്തിൽ
നിൻ വിളികേട്ട നേരം
ഞാനാനന്ദ നിർവൃതിയിലാറാടി
നീയെന്നുമെന്നുമെൻ ഹൃത്തടത്തിൻ
ചൂടുപറ്റി മയങ്ങിയോരാദിനങ്ങൾ
എത്രയെത്ര രാത്രിയിൽ ഞാൻ നിനക്കായ് സ്നേഹമാം പാശത്തിലൂടെ
താരാട്ടുപാട്ടിന്നീണങ്ങൾ തുന്നിയെങ്കിലും
ഞാനറിയാത്തതായ്  നിൻ വളർച്ചയില്ലൊന്നുമില്ലായെന്ന്
ഞാനഹങ്കരിച്ചു പോയ്
രാവിൻ മറവിൽ പിതൃതുല്യനായൊരാൾ
നിഷ്കരുണം നിന്നെയുപദ്രവിച്ചു
അതുമൊരു മൃഗത്തെപ്പോലെ വീണ്ടും വീണ്ടും,
ഇടറിയോരായെൻ
ദിനചര്യകളിൽ ഞാൻ നിസ്സഹായയായി
മാറിയോരു നിമിഷം
മാതൃത്വമെന്നത് എവിടെയെന്നോർത്തു ഞാൻ
ഒന്നുമറിയാത്തോരെൻ  കുഞ്ഞിനെ
പുഴയുടെ ആഴങ്ങളിലേക്കെറിഞ്ഞുപോയ്
നിന്നെത്തലോടിയോരായെൻ
കൈകളെപ്പോഴോ
നിൻ കാലനായ് തീർന്നതും
കേവലം ജീവിതമെന്തെന്നു
പോലുമറിയാത്ത നിന്നെ ഞാനാ പുഴയിലേക്കെറിഞ്ഞതും
എന്തിനാണെന്നറിഞ്ഞുകൂട
മാതൃത്വമെന്നത് കേൾക്കുമ്പോഴേ ഏതൊരുവളിലും
അതൊരു സുഖമുള്ള വേദന
എങ്കിലിതാ ഇവിടെയീ
വാക്കുമാഞ്ഞുപോയീ
ഇവരുടെ ക്രൂരതയ്ക്കുള്ളിലെ
ചേതോവികാരമെന്തെന്നറിഞ്ഞീല
എന്തുപറ്റിയെന്നറിയീല
എവിടെ പിഴച്ചുവെന്നുമറിയീല
ജീവിതമാമീ നൗകയിലെവിടെയോ
ഒരു ഭ്രാന്തൻ തിരപോലെ
തുഴയാതെ തുഴഞ്ഞൊഴുകുന്നു
എവിടേയ്ക്കെന്നില്ലാതെ ഒഴുകുന്നു



ഫെബിൻ എസ്

# ഓണത്തുമ്പി

ഓണത്തുമ്പി ഓണത്തുമ്പി
പൊൻവെയിലിൽ വിളങ്ങീടും
നിൻ കണ്ണാടി ചിറകു ഞാനൊന്നു തൊട്ടോട്ടെ
പൂക്കൂടകളേന്തി തൊടിയിൽ പോയീടും
പൊന്നുണ്ണികളോടൊപ്പം പാറി പറന്നീടുന്ന
നിന്നെ ഞാനൊന്നു തൊട്ടോട്ടെ
പൂമുറ്റത്ത് ചിറകടിച്ചു താളമിട്ടു പാടീടും
പൂവിളക്ക് തെളിയിച്ചീടും
ഓണത്തുമ്പി നിൻ
പൂമേനി ഞാനൊന്നു തൊട്ടോട്ടെ
പുതിയ പ്രതീക്ഷ തന്നീടുമെൻ ഓണത്തുമ്പി
നിന്നെ ഞാനൊന്നു തൊട്ടോട്ടെ
ചിറകിൽ കാഞ്ചനമേന്തി പാടത്തു പാറി പറന്നു
പുല്ലിന്റരക്കു പൂമാല ചാർത്തീടുമെൻ ഓണത്തുമ്പി
നിന്നെ ഞാനൊന്നു തൊട്ടോട്ടെ
പൂത്തുമ്പിയെ പൊൻതുമ്പിയെ
ഓർമകളിൽ നിറഞ്ഞ സന്തോഷമേ
വീണ്ടും വരുമൊരു പൊന്നോണത്തിനു മാറ്റു കൂട്ടാനായി
പാറി പറന്നീടാം നമുക്കൊത്തു വീണ്ടുമൊരു

ഓണക്കാലം.



ദിവ്യ അരുൺ

# മാനവികതയുടെ പ്രതിഫലനങ്ങൾ

(2024 ഒക്ടോബർ 21 28 ലക്കം മാധ്യമം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച ലേഖനം)



ചരിത്രപരമായ ആഘാതങ്ങളെ അഭിമുഖീകരിക്കുകയും മനുഷ്യജീവിതത്തിന്റെ ക്ഷണികത വെളിപ്പെടുത്തുകയും ചെയ്യുന്ന തീവ്രവും കാവ്യാത്മകവുമായ ഗദ്യമെന്നാണ് 2024ലെ സാഹിത്യ നൊബേൽ പുരസ്കാരത്തിനർഹയായ കൊറിയൻ എഴുത്തുകാരി ഹാൻ കാങിന്റെ രചനകളെ പുരസ്കാര കമ്മിറ്റി ചെയർമാൻ ആൻഡേർസ് ഓൽസ്സൻ വിശേഷിപ്പിച്ചത്. സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരം ലഭിക്കുന്ന പതിനെട്ടാമത്തെ വനിതയാണ് ഹാൻ കാങ്; ഏഷ്യയിൽനിന്ന് പുരസ്കൃതയാകുന്ന ആദ്യ വനിതയും. വെജിറ്റേറിയൻ എന്ന കൃതിക്ക് 2016ലെ അന്താരാഷ്ട്ര മാൻ ബുക്കർ പുരസ്കാരവും അവർക്കു ലഭിച്ചിരുന്നു.

ദക്ഷിണകൊറിയൻ സംസ്കാരത്തിന്റെ ആഗോള സ്വാധീനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സമയത്താണ് ഹാൻ കാങിനെത്തേടി നോബേൽ പുരസ്കാരം വന്നിരിക്കുന്നത് എന്നതു ശ്രദ്ധേയമാണ്. പന്തയ സൈറ്റുകളിലെ സാധ്യതാ പട്ടികകളിലുൾപ്പെട്ടിരുന്ന പല മികച്ച എഴുത്തുകാരുടെയും പേരുകൾ മറികടന്നാണ് ഹാൻ കാങിന്റെ പുരസ്കാരലബ്ധിയെന്നത് ചില വായനക്കാരെയെങ്കിലും നിരാശപ്പെടുത്തിയിരിക്കാം. തിരഞ്ഞെടുക്കാൻ പല മറ്റു മികച്ച പേരുകളുമുണ്ടായിട്ടും നൊബേൽ പുരസ്കാരം എപ്രകാരമാകും ഹാൻ കാങിലേക്ക് എത്തിയതെന്നത് കൗതുകകരമായ ഒരു അന്വേഷണത്തിന് വഴിയൊരുക്കുന്നു.

നോവലിസ്റ്റ് ഹാൻ സങ്വോണിന്റ മകളായി കൊറിയയിലെ പ്രവിശ്യാ നഗരമായ ഗ്വാങ്ജുവിൽ (Gwangju) 1970 ലാണ് ഹാൻ കാങ് ജനിച്ചത്.

കൊറിയൻ സ്വേച്ഛാധിപതിയായിരുന്ന ചൻ ഡൂഹ്വാൻ (Chun Doo-hwan) രാജ്യത്തു പട്ടാളനിയമം നടപ്പാക്കിയതിനെതിരെ 1980ൽ ഗ്വാങ്ജുവിൽ നടന്ന വിദ്യാർത്ഥി പ്രതിഷേധങ്ങൾക്കു തൊട്ടുമുൻപ്, ഹാൻ കാങിന് ഒൻപതു വയസ്സുള്ളപ്പോൾ, അവരുടെ കുടുംബം സിയോളിലേക്കു താമസം മാറിയിരുന്നു. ഗ്വാങ്ജുവിൽ നടന്ന പട്ടാള ആക്രമണങ്ങളിൽ സമാധാനപരമായി പ്രതിഷേധിച്ചവരും കാഴ്ചക്കാരുമായ നിരവധി മനുഷ്യർ ദാരുണമായി കൊല്ലപ്പെട്ടു. ആ സംഭവത്തെക്കുറിച്ചുള്ള ഒരു പുസ്തകം, കുട്ടികൾ കാണാതെ മുതിർന്നവർ വീട്ടിൽ ഒളിപ്പിച്ചു വച്ചിരുന്നത് 12 വയസ്സുള്ളപ്പോൾ ഹാൻ കാങ് കണ്ടെത്തി. അതിൽ വികൃതമാക്കപ്പെട്ട മനുഷ്യശരീരങ്ങളുടെ ചിത്രങ്ങൾ ഉണ്ടായിരുന്നു. ഹാൻ കാങിനെ ഈ ചിത്രങ്ങൾ ആഴത്തിൽ മുറിപ്പെടുത്തി. മനുഷ്യർക്ക് മനുഷ്യരായിരിക്കെതന്നെ ഇത്രത്തോളം ക്രൂരത എങ്ങനെ കാട്ടാൻ കഴിയുമെന്ന് ചിന്തിക്കാൻ അത് അവരെ പ്രേരിപ്പിച്ചു. മനുഷ്യത്വത്തെക്കുറിച്ചുള്ള അവരുടെ ചിന്തകൾ അവരുടെ പിൽക്കാല എഴുത്തുകളിൽ പ്രതിഫലിച്ചു.

ഹാൻ കാങിന്റെ രചനകളിൽ വെജിറ്റേറിയൻ, വൈറ്റ് ബുക്ക്, ഹ്യൂമൻ ആക്ട്, ഗ്രീക്ക് ലെസ്സൻസ് എന്നീ നോവലുകളാണ് ഇംഗ്ലീഷ് ഭാഷയിലേയ്ക്കു മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുള്ളത്. പ്രത്യക്ഷത്തിൽ ഈ നാല് കൃതികളും വ്യത്യസ്തങ്ങളാണെങ്കിലും മാനവി കതയെപ്പറ്റിയുള്ള ഹാൻ കാങിന്റെ ചിന്തകളും നിരീക്ഷണങ്ങളുമാണ് അവരുടെ രചനകളുടെ അടിസ്ഥാനമെന്നു കാണാം. സവിശേഷ രീതികളിലുള്ള ആഖ്യാനങ്ങൾ ഓരോ കൃതിയെയും വേറിട്ട് അടയാളപ്പെടുത്തുന്നുമുണ്ട്. ഡെബോറ സ്മിത്ത് ആണ് ഹാങ് കാങിന്റെ കൃതികളുടെ പരിഭാഷക.

ഹ്യൂമൻ ആക്ട് എന്ന നോവലിൽ 'നിങ്ങൾ' ആണ് മുഖ്യകഥാപാത്രം (Second Person Narrative). 1980 ലെ ഗ്വാങ്ജു കൂട്ടക്കൊലയിൽ ജീവൻ നഷ്ടമായ ഡോങ് ഹോ എന്ന വിദ്യാർത്ഥിയാണ് ഹ്യൂമൻ ആക്ടിലെ 'നിങ്ങൾ'. 'നിങ്ങൾ' മുഖ്യകഥാപാത്രമാകുമ്പോൾ 'ഞാൻ' ഓരോ വായനക്കാരനുമാകാം. വേറിട്ട ആഖ്യാനരീതിയിലൂടെ ഡോങ് ഹോയെ വർത്തമാനകാലത്തേക്ക് ആവാഹിക്കുകയാണ് ഹാൻ കാങ് ചെയ്യുന്നത്. ഹ്യൂമൻ ആക്ടിന്റെ ഓരോ അധ്യായവും വ്യത്യസ്ത കഥാപാത്രങ്ങൾ വ്യത്യസ്ത കാലങ്ങളിൽ അവതരിപ്പിക്കുന്നു. (The Boy-1980, The Boy's Friend-1980, The Editor-1985, The Prisoner-1990, The Factory Girl-2002, The Boy's Mother-2010, Epilogue: The writer-2013) അപ്രകാരം 1980കളിൽ തുടങ്ങി വർത്തമാന കാലത്തേക്ക് നോവൽ എത്തിച്ചേരുന്നു. കൊറിയൻ ഭാഷയിൽ നോവലിന്റെ പേര് 'ദി ബോയ് അപ്രോച്ചസ്' എന്നായിരുന്നു.



> മനുഷ്യർക്ക് മനുഷ്യരായിരിക്കെതന്നെ ഇത്രത്തോളം ക്രൂരത എങ്ങനെ കാട്ടാൻ കഴിയുമെന്ന് ചിന്തിക്കാൻ അത് അവരെ പ്രേരിപ്പിച്ചു.

എല്ലാ യുദ്ധങ്ങളിലും കൂട്ടക്കൊലകളിലും മനുഷ്യർ മറ്റു ചില മനുഷ്യരെ തങ്ങളേക്കാൾ താഴ്ന്നവരായി കാണുന്ന ഒരു നിർണായക ഘട്ടമുണ്ടെന്ന് ഹ്യൂമൻ ആക്ടിനു വേണ്ടിയുള്ള ഗവേഷണത്തിനിടയിൽ താൻ തിരിച്ചറിഞ്ഞുവെന്ന് ഹാൻ കാങ് ദ ന്യൂ യോർക്ക് ടൈംസിൽ പ്രസിദ്ധീകരിച്ച 'അമേരിക്ക യുദ്ധത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ദക്ഷിണ കൊറിയ വിറകൊള്ളുന്നു (While the U.S. Talks of War, South Korea Shudders)' എന്ന ലേഖനത്തിൽ എഴുതി. ദേശീയത, വംശം, മതം, പ്രത്യയശാസ്ത്രം എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ മനുഷ്യർ ഇത്തരത്തിൽ താഴേക്കിടയിലുള്ളവരായി തരംതിരിക്കപ്പെടാം. മനുഷ്യർക്കു മനുഷ്യരായി തുടരാൻ കഴിയുന്ന അവസാനത്തെ പ്രതിരോധം ഈ പക്ഷപാതങ്ങളെയെല്ലാം മറികടക്കുന്ന വിധത്തിൽ മറ്റൊരാളുടെ കഷ്ടപ്പാടുകളെക്കുറിച്ചുള്ള പൂർണ്ണവും യഥാർത്ഥമായുമുള്ള ധാരണയാണ് എന്ന തിരിച്ചറിവും അതേ സമയത്തുതന്നെ അവർക്കു ലഭിച്ചതായി ലേഖന ത്തിൽ പറയുന്നു.

ഹാൻ കാങിന്റെ വെജിറ്റേറിയൻ എന്ന നോവലും ഹ്യൂമൻ ആക്ടും പ്രമേയപരമായി വ്യത്യസ്തത പുലർത്തുന്നുണ്ടെങ്കിലും അവയുടെ വേരുകൾ പരസ്പരം കെട്ടുപിണയുന്നതായി നോവലിസ്റ്റുതന്നെ ഒരു അഭിമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്. അക്രമത്തെയും മാനവികതയും കുറിച്ചുള്ള ഹാൻ കാങിൻറെ ദീർഘകാല അന്വേഷണങ്ങൾ വെജിറ്റേറിയൻ എന്ന നോവലിലെ വിശപ്പുനഷ്ടപ്പെട്ട സ്ത്രീയുടെ ശരീരരാഷ്ട്രീയത്തിന്റെ പ്രകോപനപരവും മനഃശാസ്ത്രപരവുമായ ചിത്രീകരണത്തിലെത്തുന്നു.

കൊറിയയിലെ ജാപ്പനീസ് അധിനിവേശകാലത്തു നിരോധിക്കപ്പെട്ട കൊറിയൻ ലിപി ഹങ്കലിൽ (Hangul) കവി യി സാങ് (Yi Sang) എഴുതിയ 'മനുഷ്യൻ മരമാകണം' എന്ന വരിയാണ് വെജിറ്റേറിയന്റെ പ്രചോദനം.

കോളനികളാക്കപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്കു മേൽ സാമ്രാജ്യത്വശക്തികൾ നടത്തുന്ന അക്രമങ്ങളെയും ഹിംസയെയും ഓർമ്മപ്പെടുത്തുന്ന യിയുടെ വരികളുടെ പ്രതിഫലനമാണ് വെജിറ്റേറിയനിലെ യോങ്

ഹൈ എന്ന സർറിയലിസ്റ്റിക് കഥാപാത്ര ത്തിന്റെ മൃഗങ്ങളോടുള്ള മനുഷ്യരുടെ ക്രൂരതകൾക്കെതിരെയുള്ള ഒറ്റയാൾ കലാപം.

ഒരു സ്ത്രീയുടെ വ്യക്തിപരമായ തീരുമാനത്തിലേക്കും അവരുടെ ശരീരത്തിലേക്കും അവർക്കുമേൽ അധികാരമുണ്ടെന്ന് കരുതുന്നവരുടെ കടന്നുകയറ്റവും അക്രമവും വെജിറ്റേറിയന്റെ പ്രമേയമാകുന്നു. വെജിറ്റേറിയൻ നോവലിലെ മുഖ്യ കഥാപാത്രമായ യോങ് ഹൈ മാംസാഹാരം വർജ്ജിക്കാൻ തീരുമാനിക്കുന്നു. യോങ്ഹൈയുടെ പിതാവ് അവരെ ബലംപ്രയോഗിച്ചു മാംസഭക്ഷണം കഴിപ്പിക്കാൻ ശ്രമിക്കുകയും അവരുടെ ചെകിട്ടത്തടിക്കുകയും ചെയ്യുന്നു. തുടർന്ന് യോങ്ഹൈ സ്വന്തം ശരീരത്തിൽ മുറിവേൽപ്പിച്ചു ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. സൈക്യാട്രിക് ഹോസ്പിറ്റലിൽ ഡോക്ടർമാരും ബലം പ്രയോഗിച്ച് യോങ്ഹൈയ്ക്ക് ഭക്ഷണം നൽകാൻ ശ്രമിക്കുന്നു. ശരീരമാണ് ഇവിടെ ആക്രമണങ്ങൾക്ക് ഇരയാകുന്നത്. ഹ്യൂമൻ ആക്ടിൽ കുറച്ചുകൂടി വിശാലമായ കാഴ്ചപ്പാടിൽ രാഷ്ട്രമാണ് സ്വേച്ഛാധിപതിയായ ഭരണാധികാരിയുടെ ക്രൂരതകൾക്ക് ഇരയാകുന്നത്.

വെജിറ്റേറിയൻ എന്ന നോവലിനു മൂന്നു ഭാഗങ്ങളാണുള്ളത്. യോങ്ഹൈയുടെ ഭർത്താവാണ് വെജിറ്റേറിയൻ എന്നുതന്നെ പേരുള്ള ആദ്യഭാഗത്തിന്റെ ആഖ്യാതാവ്. തന്റെ ഭാര്യ മാംസം കഴിക്കാൻ വിസമ്മതിക്കുന്നുവെന്ന വസ്തുത അയാളിലൂടെയാണ് വായനക്കാർ അറിയുന്നത്. സ്വപ്നങ്ങളെക്കുറിച്ചുള്ള ആത്മഭാഷണങ്ങൾ മാത്രമാണ് യോങ്ഹൈയുടേതായി ഇവിടെ പ്രത്യക്ഷപ്പെടുന്നത്.

യോങ്ഹൈയുടെ സഹോദരീ ഭർത്താവാണ് മംഗോളിയൻ മാർക്ക് എന്ന രണ്ടാം ഭാഗത്തിലെ നായകൻ. ഭർത്താവിനെ ഉപേക്ഷിച്ചു യോങ്ഹൈയുടെ രക്ഷാകർത്താവായി മാറുന്ന അവരുടെ സഹോദരിയുടെ കഥയാണ് ഫ്ളമിംഗ് ട്രീ എന്ന മൂന്നാം ഭാഗത്തു പറയുന്നത്. മാംസഭക്ഷണത്തിനെതിരെയുള്ള യോങ് ഹൈയുടെ ചെറുത്തുനിൽപ്പും ഭക്ഷണമുപേക്ഷിച്ചു മരമായിത്തീരാനുള്ള അവരുടെ ആഗ്രഹവും പ്രമേയമാകുന്ന നോവലിൽ ഒരിടത്തും അവർ ആഖ്യാതാവോ മുഖ്യകഥാപാത്രമോ ആകുന്നില്ല യെന്നത് ശ്രദ്ധേയമാണ്.

മനുഷ്യർ നടത്തുന്ന അതിക്രമങ്ങളെയും നിഷ്കളങ്കതയുടെ (അ)സാധ്യതയെയും ചോദ്യം ചെയ്യുന്ന, ഭ്രാന്തിനെയും ഭ്രാന്തില്ലായ്മയെയും നിർവ്വചിക്കുന്ന, മറ്റുള്ളവരെ മനസ്സിലാക്കുന്നതിലുള്ള (അ)സാധ്യതയെക്കുറിച്ചു പറയുന്ന, അവസാന ആശ്രയമോ തീരുമാനമോ ആയി സ്വന്തം ശരീരത്തെ കാണുന്ന അനേകം അടരുകളുള്ള നോവലാണ് വെജിറ്റേറിയനെന്ന് ഹാൻ കാങ് പറയുന്നുണ്ട്. ഹ്യൂമൻ ആക്ടിൽ ജയിൽപ്പുള്ളി എന്ന അദ്ധ്യായത്തിൽ ഹാൻ കാങിന്റെ ഈ വീക്ഷണം പ്രതിഫലിക്കുന്ന വരികൾ വായിക്കാം.

“മനുഷ്യർ അടിസ്ഥാനപരമായി ക്രൂരന്മാരാണെന്നത് ശരിയാണോ? ക്രൂര അനുഭവങ്ങൾ മാത്രമാണോ ഒരു വർഗ്ഗമെന്ന നിലയിൽ നമ്മൾ പങ്കിടുന്നത്?




> **മറ്റൊരാളുടെ കഷ്ടപ്പാടുകളെക്കുറിച്ചുള്ള യഥാർത്ഥ ധാരണയാണ് മനുഷ്യർക്കു മനുഷ്യരായി തുടരാൻ കഴിയുന്ന അവസാനത്തെ പ്രതിരോധം.**

നാമോരോരുത്തരും ഒരു പ്രാണിയായോ മൃഗമായോ വെറും മാംസക്കട്ടിയായോ ചുരുങ്ങിയേക്കുമെന്നുള്ള സത്യം മറച്ചുവയ്ക്കാനായുള്ള ആത്മവ്യാമോഹ മാണോ നാം ചേർത്തുപിടിക്കുന്ന അന്തസ്സ്? തരംതാഴ്ത്തപ്പെടുകയും നശിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുക എന്നുള്ളതാണോ മനുഷ്യരാശിയുടെ, അനിവാര്യമാണെന്ന് ചരിത്രം സ്ഥിരീകരിച്ച ആത്യന്തിക വിധി?”

മനുഷ്യരുടെ ഹിംസാത്മക സ്വഭാവത്തിന്റെ വ്യതിയാനങ്ങളാണ് ഹാൻ കാങിന്റെ രചനകളിൽ പ്രതിഫലിക്കുന്നത്.

വെജിറ്റേറിയനിൽ യോങ് ഹൈ അക്രമവും മാംസാഹാരവും നിരസിക്കുകയും തുടർന്നു ഭക്ഷണം തന്നെ ഉപേക്ഷിക്കുന്ന അവസ്ഥയിലേയ്ക്ക് പോകുകയും ചെയ്യുന്നതിനു സമാനമായി ഗ്രീക്ക് ലെസ്സൻസ് എന്ന നോവലിലെ മുഖ്യ സ്ത്രീ കഥാപാത്രം ’സൂചിമുനകൾ കൊണ്ടുണ്ടാക്കിയ ഒരു കമ്പളംപോലെ തന്നെ കുത്തിനോവിച്ച’ ഭാഷയെ പൂർണ്ണമായി ഉപേക്ഷിക്കുന്നു. അതേ സമയംതന്നെ തന്റെ സംസാരശേഷി തിരിച്ചുപിടിക്കാൻ അവർ യത്നിക്കുകയും ചെയ്യുന്നു

ഇനിയും സംസാരിച്ചുതുടങ്ങിയിട്ടില്ലാത്ത തന്റെ ഒന്നര വയസ്സായ മകൻ വാക്കുകൾക്ക് സമാനമായ നിഗൂഢമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുമ്പോൾ ജീവിതത്തിന്റെ എല്ലാ അർത്ഥങ്ങളും വികാരങ്ങളും അനുഭൂതികളും മഹാവിസ്ഫോടനത്തിന് മുമ്പുള്ള നിമിഷം പോലെ ഒറ്റ വാക്കിലേയ്ക്കു ഘനീഭവിക്കുന്ന തായി ഹാൻ കാങ് സങ്കല്പിക്കുമായിരുന്നു. ഗ്രീക്ക് ലെസ്സൻസ് എന്ന നോവലിൽ ഇത്തരത്തിലൊരു സന്ദർഭം കാണാം. സംസാരശേഷി നഷ്ടപ്പെട്ട ഗ്രീക്ക് ലെസ്സൻസിലെ നായിക എല്ലാ ഭാഷയും ഒറ്റ വാക്കിലേക്ക് ചുരുങ്ങുന്നതിനെപ്പറ്റി ചിന്തിക്കുന്നുണ്ട്. അനന്തതയെ ഒരു ബിന്ദുവിലേയ്ക്ക്

സന്നിവേശിപ്പിക്കുന്ന ഹാങ് കാങിന്റെ ഈ രീതി വെജിറ്റേറിയനിലും കാണാം. കഴിച്ച എല്ലാ ജീവികളുടെയും അലർച്ചകളും നിലവിളികളും തന്റെ നെഞ്ചിനുള്ളിൽ ഒരു മുഴയായി രൂപപ്പെട്ടിരിക്കുന്നതായി മാംസഭക്ഷണം ഉപേക്ഷിച്ച യോങ് ഹൈയ്ക്ക് അനുഭവപ്പെടുന്നു. ഭൗതികഅവശിഷ്ടങ്ങൾ വിസർജ്ജിച്ചുവെങ്കിലും ആ മൃഗങ്ങളുടെയെല്ലാം ജീവനുകൾ തന്റെ ഉള്ളിൽ ഉറച്ചുപോയെന്ന് അവർ വിലപിക്കുന്നു.

ഒരിക്കൽ തനിക്ക് എഴുതാൻ കഴിയാതെ ഒരു വർഷത്തോളം കഴിയേണ്ടി വന്നിരുന്നുവെന്നു ഹാൻ കാങ പറയുന്നുണ്ട്. ആ കാലഘട്ടത്തിന്റെ ഓർമ്മകളാണ് ഗ്രീക്ക് ലെസ്സൻസ് എന്ന നോവലിലേക്ക് അവരെ എത്തിച്ചത്. ഈ നോവലിൽ മുഖ്യ കഥാപാത്രങ്ങൾക്കു പേരുകളില്ല. ഇവിടെ കഥ മുന്നോട്ടു നയിക്കുന്നത് കഥാപാത്രങ്ങളല്ല, മറിച്ചു ഭാഷയാണ് അഥവാ ഭാഷ നഷ്ടപ്പെടലാണ്. സംസാരശേഷി നഷ്ടമാകുന്ന സ്ത്രീ കഥാപാത്രവും കാഴ്ചശക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പുരുഷ കഥാപാത്രവും പരസ്പരം ആശയവിനിമയത്തിനായി സ്പർശനത്തെ ആശ്രയിക്കുന്നു, സ്ത്രീ തന്റെ വിരലുപയോഗിച്ചു പുരുഷന്റെ കൈകളിൽ എഴുതുന്നു.

സാധാരണ കാഴ്ച നഷ്ടപ്പെട്ടവരുടെ ശ്രവണശക്തി കൂടുതലായിരിക്കുമെന്നു പറയാറുണ്ടെങ്കിലും തന്റെ കാര്യം അങ്ങനെയല്ലെന്നാണ് ഗ്രീക്ക് ലെസ്സൻസിലെ പുരുഷ കഥാപാത്രം പറയുന്നത്. താൻ ശബ്ദത്തെയല്ല, സമയത്തെയാണ് ആദ്യമറിയുന്നതെന്നും തന്നെ ക്രമേണ കീഴടക്കാനായി ശരീരത്തിലൂടെ സാവധാനത്തിലും നിഷ്ഠൂരമായും പ്രവഹിക്കുന്ന ഒരു ഭീമാകാരമായ വസ്തുവെന്നപോലെയാണ് തനിക്കു സമയം അനുഭവപ്പെടുന്നതെന്നും അയാൾ പറയുന്നു.




**"അക്രമവും സൗന്ദര്യവും ഇടകലർന്ന ഈ ലോകത്ത് നിഷ്കളങ്കത എത്രത്തോളം സാധ്യമാണെന്നുള്ള തന്റെ നിരന്തര അന്വേഷണങ്ങളാണ് ഹാൻ കാങ് അവതരിപ്പിക്കുന്നത്"**

അയാളുടെ ആദ്യകാമുകി ശ്രവണശേഷി നഷ്ടപ്പെട്ടവളായിരുന്നു. മനുഷ്യശരീരത്തെയും ഇന്ദ്രിയാനുഭൂതികളെയുംപറ്റിയുള്ള ഹാൻ കാങിന്റെ അവബോധം ഗ്രീക്ക് ലെസ്സൻസിലെ കഥാപാത്രസൃഷ്ടികളെ ഉദാത്തമാക്കിയിരിക്കുന്നു. ഇതേക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് ഹാൻ കാങ് ബുക്കർ പുരസ്കാര വേളയിൽ ഇപ്രകാരം വ്യക്തമാക്കിയിരുന്നു.

'കേൾവി, സ്പർശനം തുടങ്ങിയ ഇന്ദ്രിയാനുഭൂതികൾക്ക് ഞാൻ വളരെയധികം പ്രാധാന്യം നൽകുന്നു. വിദ്യുത്പ്രവാഹം പോലെ എഴുത്തിൽ ഞാൻ ഈ സംവേദനങ്ങൾ സന്നിവേശിപ്പിക്കുന്നു, വായിക്കുന്നയാൾ ആ വൈദ്യുതധാരയെ തിരിച്ചറിയുമ്പോൾ ഓരോ തവണയും അത് എനിക്ക് അലൗകികമായ അനുഭൂതിയാകുന്നു.'

മറ്റു നോവലുകളിൽനിന്നു വ്യത്യസ്തമായി നോവലിസ്റ്റിന്റെ വ്യക്തിപരമായ ദുഃഖം പങ്കുവയ്ക്കുന്ന കൃതിയാണ് വൈറ്റ് ബുക്ക്. രണ്ടു മണിക്കൂറുകൾ മാത്രം ജീവിച്ചിരുന്ന തന്റെ ജ്യേഷ്ഠസഹോദരിയുടെ വേർപാടിന്റെ വേദനയാണ് ഈ രചനയിൽ എഴുത്തുകാരി പകർത്തിയിരിക്കുന്നത്. ജനിച്ചുവീഴുന്ന കുട്ടികൾക്കായുള്ള വെളുത്ത തുണി മുതൽ മരിച്ചവരെ പുതപ്പിക്കുന്ന വെളുത്ത വസ്ത്രം വരെ, ജനനം മുതൽ മരണം വരെ, വൈറ്റ് ബുക്കിൽ വിഷയമാകുന്നു.

ഹ്യൂമൻ ആക്ടിലെ 'മരിക്കാതിരിക്കൂ, ദയവായി മരിക്കാതിരിക്കൂ' എന്ന വിലാപം വൈറ്റ് ബുക്കിലും ആവർത്തിച്ചിരിക്കുന്നു. ജനിച്ചു മണിക്കൂറുകൾക്കുള്ളിൽ തന്നെ വിട്ടുപോകാനൊരുങ്ങുന്ന കുഞ്ഞിനോട് ആഖ്യാതാവിന്റെ അമ്മ പറയുന്നു, 'മരിക്കാതിരിക്കൂ, ദൈവത്തെയോർത്തു മരിക്കാതിരിക്കൂ.' അകാലത്തിൽ ജീവനുപേക്ഷിക്കാൻ നിർബന്ധിതരാകേണ്ടിവരുന്ന മനുഷ്യരെ ഓർത്തുള്ള എഴുത്തുകാരിയുടെ വേദനയായിരിക്കണം രാഷ്ടീയകലാപം പ്രമേയമായ ഹ്യൂമൻ ആക്ടിലും വ്യക്തിപരമായ നഷ്ടം പറയുന്ന വൈറ്റ് ബുക്കിലും ഒരേപോലെ പ്രതിഫലിച്ചത്.

കാവ്യമെന്നോ ആത്മഭാഷണങ്ങളെന്നോ ലേഖനങ്ങളെന്നോ നോവലെന്നോ വായനക്കാരുടെ ഹിതത്തിനനുസരിച്ചു തീരുമാനിക്കാവുന്ന ആഖ്യാനമാണ് വൈറ്റ് ബുക്കിന്റെ സവിശേഷത. തനിക്കുമുന്നേ ജനിച്ചു മരിച്ച തന്റെ സഹോദരിയെ ക്കുറിച്ചുള്ള ഓർമ്മകൾക്കൊടുവിൽ 'അവളുണ്ടായിരുന്നെങ്കിൽ ഞാനുണ്ടാവുമായിരുന്നില്ല' എന്ന് ആഖ്യാതാവ് തിരിച്ചറിയുന്നു.

പുസ്തകത്തിലെ വെളുത്തവസ്തുക്കളുടെ വർണ്ണനകളിലെ കാവ്യഭാഷ പ്രത്യേകം പരാമർശിക്കപ്പെടേണ്ടതുണ്ട്. ഉദാഹരണത്തിന് വൈറ്റ് ബുക്കിൽ തണുത്തുറഞ്ഞ കടലിനെ ഇങ്ങനെ വരച്ചിടുന്നു.

'An unusually shallow stretch of water, compounded by a cold current, had formed serried ranks of frozen waves, like layer upon layer of dazzling white flowers captured in the moment of unfurling.'

ഹാങ് കാങിന് സംഗീതത്തോടും കലയോടുമുള്ള താത്പര്യം അവരുടെ രചനകളിലും പ്രതിഫലിക്കുന്നു.

കൊറിയൻ നോവൽ പുരസ്കാരം, കൾച്ചർ മിനിസ്ട്രി കൊറിയയുടെ ടുഡേസ് യംഗ് ആർട്ടിസ്റ്റ് പുരസ്കാരം, യിസാങ് സാഹിത്യ പുരസ്കാരം, ഡോംഗ്രി സാഹിത്യ പുരസ്കാരം, മാൻഹേ പുരസ്കാരം, ഹ്വാങ് സൺവോൺ പുരസ്കാരം തുടങ്ങി നിരവധി അംഗീകാരങ്ങൾ ഹാൻ കാങിനെ തേടിയെത്തിയിട്ടുണ്ട്.

.

വെജിറ്റേറിയൻ എന്ന നോവൽ 2009ൽ സംവിധായകൻ ലിം വൂസിയോങ് (Lim Woo - Seong) അതേ പേരിൽ ചലച്ചിത്രമാക്കിയിട്ടുണ്ട്. 2011ൽ ലിം വൂസിയോങ് ഹാൻ കാങിന്റെ ബേബി ബുദ്ധ എന്ന ചെറുകഥയെ സ്കാർസ് എന്ന പേരിലും അഭ്രപാളികളിലെത്തിച്ചു.

ഹാൻ കാങിന്റെ പ്രസിദ്ധീകൃതമായ കൃതികളിൽ ചെറുകഥാസമാഹാരങ്ങളായ ഫ്രൂട്സ് ഓഫ് മൈ വുമൺ, ഫയർ സാലമാൻറെർ; നോവലുകളായ ബ്ലാക്ക് ഡിയർ, യുവർ കോൾഡ് ഹാൻഡ്സ്, ദ വെജിറ്റേറിയൻ, ബ്രെത് ഫൈറ്റിങ്, ഗ്രീക്ക് ലെസ്സൻസ്, ഹ്യൂമൻ ആക്ട്, ദി വൈറ്റ് ബുക്ക് മുതലായവ ഉൾപ്പെടുന്നു. ഐ പുട്ട് ദി ഈവെനിംഗ് ഇൻ ദ ഡ്രോവർ എന്ന പേരിൽ അവർ ഒരു കാവ്യസമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഹാൻ കാങിന്റെ യൂറോപ്പ എന്ന ചെറുകഥയുടെ പരിഭാഷ ഇംഗ്ലീഷിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. അവരുടെ ഏറ്റവും പുതിയ നോവലായ വീ ഡു നോട്ട് പാർട്ടിന്റെ ഇംഗ്ലീഷ് പതിപ്പ് 2025ൽ പ്രസിദ്ധീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

'ഡിയർ സൺ, മൈ ബിലോവ്ഡ്' എന്ന പേരിൽ ഒരു കയ്യെഴുത്തുപ്രതി ഹാൻ കാങ് നോർവേയിലെ ഫ്യൂച്ചർ ലൈബ്രറിയിലേക്ക് സംഭാവന ചെയ്തിട്ടുണ്ട്. ഫ്യൂച്ചർ ലൈബ്രറിയിൽ അഞ്ചാമതായി വന്നുചേർന്ന പുസ്തകമാണ് ഡിയർ സൺ, മൈ ബിലോവ്ഡ്, ഏഷ്യയിൽനിന്ന് ഇത്തരത്തിൽ സംഭാവന ചെയ്യപ്പെട്ട ആദ്യപുസ്തകവും.

സ്വീഡിഷ്, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമൻ തുടങ്ങിയ ഭാഷകളിലേക്ക് അവരുടെ കൃതികൾ മൊഴിമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. പ്രശസ്ത സാഹിത്യകാരൻ സി.വി. ബാലകൃഷ്ണനാണ് വെജിറ്റേറിയൻ മലയാളത്തിലേയ്ക്കു പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

സമകാല ഗദ്യത്തിലെ നൂതന ആവിഷ്കാരങ്ങളെന്നാണ് സ്വീഡിഷ് അക്കാദമി ഹാൻ കാങിന്റെ പരീക്ഷണാത്മകവും കാവ്യാത്മകവുമായ രചനകളെ വിശേഷിപ്പിച്ചത്. അക്രമവും സൗന്ദര്യവും ഇടകലർന്ന ഈ ലോകത്ത് നിഷ്കളങ്കത എത്രത്തോളം സാധ്യമാണെന്നുള്ള തന്റെ നിരന്തര അന്വേഷണങ്ങളാണ് ഹാങ് കാങ് തന്റെ രചനകളിലൂടെ അവതരിപ്പിക്കുന്നത്.






എം. ബദറുദ്ദീൻ വർക്കല
(EX വെൽഫെയർ സെക്രട്ടറി S. M. A)

# എന്റെ ബാല്യകാല ഓർമ്മകൾ



ആയിരത്തി തൊള്ളായിരത്തി അൻപതിനും അൻപത്തി അഞ്ചിനും ഇടയ്ക്ക് ജനിച്ചവരുടെ ഓർമ്മകൾ ആയിരിക്കും പങ്കുവയ്ക്കുന്നത്.

ഇതെഴുതുന്നതിന് എനിക്ക് പ്രചോദനം നൽകിയത് SG 60 വസന്തം സെൻട്രലിൽ വാർത്തയിൽ രണ്ട് മിനിട്ടിൽ ഉള്ള ന്യൂസ് ആണ്. ഇത് എഴുതുമ്പോൾ ആറ് ദിവസം കഴിഞ്ഞു.

നടക്കുവാൻ തുടങ്ങുന്ന സമയം ഓർമ്മ ശക്തി തീരെ കുറവായിരുന്നു. അപ്പോൾ ഉള്ള കാര്യങ്ങൾ ഓർമ്മയിൽ ഇല്ലാത്ത അവസ്ഥ ആണ്. വെറും ശൂന്യം മാത്രം ഓർമ്മ.

> **"ഇന്ന് എല്ലാം ശൂന്യം മാത്രം"**

കാലം പിന്നെയും നടന്ന് നീങ്ങി, വയസ്സ് രണ്ട്, മൂന്ന്, നാല്, അഞ്ച്...

അങ്ങിനെ തുടർന്നു. അഞ്ചാം വർഷത്തിൽ ചില കാര്യങ്ങൾ തങ്ങിനിൽക്കുന്നു.

ഞാൻ എപ്പോഴും കുളിക്കുവാൻ പോകുന്നത് എന്റെ ഉമ്മ (സൈനബാ ബീവി)യുടെ കൂടെയാണ്. എന്റെ വീടിന്റെ അടുത്തുള്ള ഒരു തോട്ടിൽ ആയിരുന്നു. ഈ തോട് ശിവഗിരി വഴി ഗുരുദേവൻ കുളിച്ചിരുന്ന 'രായർ' ഓവിനടുത്തുകൂടിയായിരുന്നു ഒഴുകിയിരുന്നത്.

ഓർമ്മകൾ വീണ്ടും ഓർമ്മിക്കുമ്പോൾ പ്രൈമറി സ്കൂൾ ആരംഭം.

കാളവണ്ടിയുടെ പിറകിൽ തൂങ്ങി നടന്നിരുന്ന കാലം. കാള വണ്ടി ഓടിക്കുന്ന ആളിനെ വിളിച്ചിരുന്നത് ചെട്ടിയാർ എന്നായിരുന്നു.

അന്ന് കാറിൽ ഒന്നും സിനിമാ പരസ്യങ്ങൾ ചെയ്യാറില്ലായിരുന്നു. കാളവണ്ടി അലങ്കരിച്ച്, ചെണ്ട കൊട്ടിയാണ് പരസ്യങ്ങൾ ചെയ്തിരുന്നത്. പരസ്യ സമയത്ത് സിനിമാ നോട്ടീസ് വിതരണം ചെയ്യുമായിരുന്നു. കുട്ടികൾക്ക് നോട്ടീസ് കൊടുക്കത്തില്ലായിരുന്നു.

ഞാനും എന്റെ കൂട്ടുകാരും കാളവണ്ടിയുടെ പിറകിൽ തൂങ്ങിക്കിടക്കും. അവസാനം ഞങ്ങൾക്ക് ഓരോ നോട്ടീസ് തരും. അതോടെ ഞങ്ങൾ കാളവണ്ടിയുടെ പിടി വിടും.

എന്റെ പ്രൈമറി സ്കൂൾ കൂട്ടുകാർ, ഫസീല, നിസ്സ, ആരിഫ, മൺസൂർ, ഹബീബുള്ള, മോഹൻദാസ്, സുഗതൻ, ശ്യാംകുമാർ (മരിച്ചു) പ്രഭാകരൻ (മലക്കറി). ഇന്ന് ഇവരെല്ലാം പല സ്ഥലങ്ങളിൽ താമസിച്ചു വരുന്നു.

ഞങ്ങളുടെ അദ്ധ്യാപകൻ അല്ലിസർ, കമലാസർ, തങ്കപ്പൻ സർ, അമ്മുസർ, എന്നിവരാണ്. ഇവർ ആരും ഇപ്പോൾ ജീവിച്ചിരിപ്പില്ല. പ്രണാമം!

ഞാനും മൻസൂറും നബീബുള്ളയും ഉറ്റ സുഹൃത്തുക്കളായിരുന്നു. ഞങ്ങൾ പല കുസൃതികളും ചെയ്തിട്ടുണ്ട്. വഴിയോരത്തുനിന്നും കടല പെറുക്കി കഴിക്കുമായിരുന്നു. പഴയചന്തയിൽ നിന്നും ഒരു പൈസക്ക് മോരും വെള്ളവും അച്ചാറും കഴിച്ചിരുന്നു.

സ്കൂൾ ഇടവേള സമയത്ത് വലിയ ഒരു മാവിലെ മുഴച്ച ഭാഗത്ത് പിടിച്ച്, വണ്ടി ഓടിക്കുന്ന മാതിരി കളിക്കുമായിരുന്നു. ഈ സ്ഥലം ആദ്യം കിട്ടുന്നവർ ആയിരിക്കും കളിക്കുന്നത്.

അങ്ങിനെ നാലാം ക്ലാസ്സിൽ എത്തിയപ്പോൾ എന്റെ രണ്ടു കാലിലും ചന്തിയിലും കരപ്പൻ പിടിപെട്ടു. ചൊറിയായി, പൊട്ടിയൊലിച്ചു. ഇത് കാരണം മറ്റ് കൂട്ടുകാർ എന്നെ അകറ്റി. അത് എനിക്ക് മാനസികമായി പ്രയാസം ഉണ്ടാക്കി..

വല്ലാത്ത വേദനയും. ഉറങ്ങാൻ പറ്റാത്ത അവസ്ഥ ആയിരുന്നു. വൃത്തിയാക്കുന്നത് തേങ്ങാ പിണ്ണാക്ക് തേച്ച്. എന്റെ ഉമ്മ തോട്ടിൽ കൊണ്ടുപോയി കുളിപ്പിക്കുമായിരുന്നു.

> **"കാളവണ്ടി അലങ്കരിച്ച്, ചെണ്ടകൊട്ടിയാണ് പരസ്യങ്ങൾ ചെയ്തിരുന്നത്"**

തോട്ടിൽ ധാരാളം ചെറുതും വലുതുമായ മത്സ്യങ്ങൾ ഉള്ളതുകൊണ്ട് ഇവ എന്റെ ചിരങ്ങിനെ കൊത്തി, ആഹാരമാക്കിയിരുന്നു.

മാസങ്ങൾ കഴിഞ്ഞ് ചിരങ്ങ് ഉണങ്ങി, സുഖം പ്രാപിച്ചു. വളരെ സന്തോഷം ആയിരുന്നു.

സ്കൂളിൽ പോയിരുന്നത് ദിവസവും രണ്ട് കിലോമീറ്റർ നടന്നായിരുന്നു. അന്നത്തെ കാലത്ത് നേരിട്ട് ഒന്നാം ക്ലാസ്സിൽ ആയിരുന്നു. ഇന്നത്തെ പ്പോലെ K1 ഉം K2 ഉം ഒന്നും ഇല്ലായിരുന്നു. അന്ന് ജനന സർട്ടിഫിക്കറ്റ് ഒന്നും ഇല്ലായിരുന്നു. ഒരു ജനന തീയതി പറഞ്ഞു കൊടുത്താൽ മതി.!

വീട്ടിൽ വന്നാൽ പഠിക്കുന്നത് മണ്ണെണ്ണ വിളക്കിൽ ആയിരുന്നു. വൈകുന്നേരം ആറ് മണിയോടെ വിളക്കിൽ മണ്ണെണ്ണ ഒഴിച്ച്, വിളക്കിന്റെ ഗ്ലാസിലെ കരി തുടച്ച് വൃത്തിയാക്കുമായിരുന്നു. ഒൻപത് മണിവരെ ഹോംവർക്ക്, പദ്യം കാണാതെ പഠിക്കുകയും ചെയ്യുമായിരുന്നു.

വിശേഷ ദിവസങ്ങൾക്ക് മാത്രം പെട്രോൾമാക്സ് കത്തിക്കുമായിരുന്നു. ഇത് മൂലം കൂടുതൽ വെളിച്ചം ലഭിച്ചിരുന്നു. ആയതുപോലെ വിവാഹത്തിന്റെ തലേ ദിവസവും പെട്രോൾ മാക്സ് ഉപയോഗിച്ചിരുന്നു. സ്കൂളിൽ പോകുന്ന വഴിയിൽ അയിഷാ ഉമ്മുമ്മായുടെ വീട്ടിൽ നിന്നും മിക്ക ദിവസവും അപ്പം കിട്ടുമായിരുന്നു. അത് ഞാൻ എന്റെ സുഹൃത്തു ക്കൾക്ക് പങ്കുവെയ്ക്കുമായിരുന്നു.



വീട്ടിൽ പുന്നമരം ഉള്ളതുകൊണ്ട് ഞങ്ങൾ അതിരാവിലെ തന്നെ പുന്നയ്ക്ക പെറുക്കാൻ പോകുമായിരുന്നു. ആദ്യം പോകുന്നത് ഞങ്ങളുടെ ഉമ്മുമ്മ (പാത്തുമ്മ, മരിച്ചു), അതിനു ശേഷം ചെറുമക്കൾ പോകും. ഞങ്ങൾക്ക് കുറച്ചു മാത്രം കിട്ടും. ഒരാഴ്ച ആകുമ്പോൾ ചന്തയിൽ കൊണ്ടുപോയി കൊടുക്കും. വലിയ സന്തോഷമായിരിക്കും അന്ന്. ഇന്ന് എല്ലാം ശൂന്യം മാത്രം.

ഞാൻ നാലാം ക്ലാസ് വരെ അമ്മയുടെ കുടുംബവീട്ടിൽ ആയിരുന്നു താമസം. അതിന് ശേഷം തൊട്ടടുത്ത് എന്റെ ബാപ്പ, ഉമ്മയ്ക്ക് കൊടുത്ത ഭൂമിയിൽ വീട് വച്ച് താമസം മാറ്റി. വീട്ടിൽ എല്ലാ മുറിയിലും തട്ടും, വെളിയിൽ രണ്ട് കക്കൂസും, ഓടിട്ടതും, തറയിൽ സിമന്റ് പോളിഷ് ചെയ്തതും ആയിരുന്നു. അന്ന് ആ പ്രദേശത്തെ നമ്പർ ഒന്ന് ആയിരുന്നു എന്റെ വീട്. 'തുണ്ടുവിളവീട്'.

ഇന്ന് ആ വീട് അവശതയിൽ ആയി, ക്ഷീണിച്ചു നശിച്ചുകൊണ്ടിരിക്കുന്നു. നാട്ടിൽ പോകുമ്പോൾ കാണുന്ന സമയത്തിന് മനസ്സിന് പ്രയാസം ഉണ്ടാകുന്നു.

പുതിയ വീട്ടിൽ ഞാനും എന്റെ ഉമ്മയും സഹോദരനും താമസം തുടങ്ങി. ബാപ്പ സിംഗപ്പൂരിൽ ആയിരുന്നു (ഇന്ന് ഇവർ മൂന്ന് പേരും എന്നെ വിട്ടുപിരിഞ്ഞുപോയി.) വീട്ടിൽ എനിക്കും ജേഷ്ഠനും തനിയെ തനിയെ മേശയും കസേരയും ഉണ്ടായിരുന്നു പഠിക്കുന്നതിന്. അന്ന് അത്രയെ സൗകര്യം ഉണ്ടായിരുന്നുള്ളു!

അഞ്ചാം ക്ലാസ്സിൽ പഠിച്ചിരുന്നത് ശിവഗിരി ഹൈസ്കൂളിൽ ആയിരുന്നു. നാല് കിലോമീറ്റർ ദൂരം നടന്നുവേണം പോകേണ്ടത്. ചിലപ്പോൾ ആഹാരം വീട്ടിൽ നിന്നും കൊണ്ടുപോകും, മറ്റു ചില ദിവസങ്ങളിൽ ഇഡ്ഡലി അമ്മച്ചിയുടെ കടയിൽ ഇഡ്ഡലി വാങ്ങി കഴിക്കും.

സ്കൂളിൽ പോകുന്നതിന് മുൻപ് രാവിലെ ദിവസവും പശുക്കൾക്ക് പോച്ച പറിക്കണം, ഒരു വല്ലം നിറയെ. അന്ന് ധാരാളം പോച്ച കിട്ടുമായിരുന്നു. പോച്ച പറിച്ച് കഴുകി തോട്ടുവക്കത്ത് വെയ്ക്കണം. അതിനുശേഷം തോട്ടിൽ പോയി കുളിച്ച്, വീട്ടിൽ വന്ന് സ്കൂളിൽ പോകുന്നതിന് ചോറും കറിയും മുട്ടഫ്രൈയും എല്ലാം ചെയ്ത് സ്കൂളിൽ പോകും.

സ്കൂൾ വിട്ടു വന്നതിനു ശേഷം ഈ പോച്ച തോട്ടിൽ നിന്നും കൊണ്ടു വരണം. പിന്നീട് മുറ്റം തൂത്ത് വൃത്തിയാക്കും. കുടിക്കുന്നതിനും പാത്രം കഴുകുന്നതിനും ചെമ്പ് കലത്തിൽ കിണറ്റിൽ നിന്നും വെള്ളം കോരും.

വീട്ടിൽ പശു, ആട്, കോഴി, മുയൽ എന്നീ വളർത്തു മൃഗങ്ങൾ ഉണ്ടായിരുന്നു. ഇവയെ എല്ലാം പരിപാലിക്കണം. വൈകുന്നേരം കോഴിക്കൂട് അടയ്ക്കണം. ഇത് മറക്കാതെ ചെയ്യണം, മറന്നുപോയാൽ കോഴിയെ രാത്രി ഊളൻ പിടിക്കും. പലതവണ അടയ്ക്കാൻ മറന്ന്പോയിട്ടുണ്ട്, അന്നെല്ലാം ഓരോ കോഴി വീതം നഷ്ടമായിട്ടുണ്ട്. ഇതിന് ഉമ്മയുടെ വഴക്കും അടിയും കിട്ടിയിട്ടുണ്ട്.

പിന്നെ സിനിമയ്ക്ക് പോകുന്നത് ഞാനും എന്റെ മാമന്റെ വീട്ടിലെ കറുപ്പായിയുമായി പോകും. ഞങ്ങൾ ടിക്കറ്റിന് പകരം ഒരുകെട്ട് പോച്ച പറിച്ച് തിയേറ്റർ മാനേജരുടെ വീട്ടിൽ കൊണ്ടുപോയി കൊടുത്താൽ രണ്ട് പേർക്ക് സിനിമ കാണാനുള്ള അനുവാദം ലഭിക്കും. കുട്ടിത്തറയിൽ ഇരിക്കുന്നതിനുള്ള പാസ്സ്. അന്ന് കുട്ടിത്തറ രണ്ടണ ടിക്കറ്റ് ആണ്. മാസത്തിൽ ഒരു തവണ കാണും. റബേക്ക, ഭാര്യ, ഈ സിനിമകൾ കണ്ടത് ഇങ്ങിനെ ആയിരുന്നു,

നീന്തൽ പഠിച്ചത് ശിവഗിരി ആറ്റിലായിരുന്നു. ശിവഗിരിയിലെ ഓവിന്റെ മുകളിൽ നിന്ന് ആറ്റിലേക്ക് ചാടി, നീന്ത് പഠിച്ചു. മഴ സമയത്ത് ഒഴുക്ക് കൂടുതൽ ആയാൽ ആറ്റിൽ ചാടി കുളിക്കുന്നത് നിർത്തുമായിരുന്നു.

പിന്നെ ശിവഗിരി തുരപ്പിൽ കൂടി നീന്തി, മറുവശത്ത് പോയി തിരിച്ചും വരുമായിരുന്നു എന്റെ കൂട്ടുകാരുമൊത്ത്. ഇത് എല്ലാം എന്റെ സ്വപ്നമായി നിലനിൽക്കുന്നു.

കള്ളനും പോലീസും, എട്ട് എറിയുന്നത്, ചോറും കറിയും (മണ്ണുവച്ച് കളിക്കുന്നത്), കണ്ണുപൊത്തി കളി, കച്ചി കളി, കുട്ടിയും കോലും (ഇത് പിന്നീട് ക്രിക്കറ്റ് ആയി), കബഡി കളി; ഇവയെല്ലാം കുട്ടിക്കാല ഓർമ്മകൾ മാത്രം.

ഡിസംബറിൽ ശിവഗിരി തീർത്ഥാടനം വളരെ സന്തോഷം ആയിരുന്നു. ധാരാളം തീർത്ഥാടകർ ശിവഗിരിയിൽ എത്തുമായിരുന്നു, മഞ്ഞവസ്ത്രം ധരിച്ച്.

രണ്ടാമത്തെ ദിവസം ഗുരുദേവറിക്ഷാ വഹിച്ചു കൊണ്ടുള്ള ഘോഷയാത്രയിൽ ഞാനും പങ്കെടുക്കുകയും, ചതയ ദിനത്തിൽ വോളന്റിയർ ആയി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

തീർത്ഥാടന ദിവസം ഞാൻ വീട്ടിൽ നിന്നും വാഴക്കന്ന് എടുത്ത് ശിവഗിരി റോഡിലുള്ള വഴിയോരത്ത് വച്ച് കച്ചവടം നടത്തിയിരുന്നു. കൂടാതെ തീർത്ഥാടകർക്ക് രാവിലെ പല്ല് തേയ്ക്കുന്നതിന് ഉമിക്കരിയും ഈർക്കിലും വിറ്റിരുന്നു. എന്റെ മൂത്തുമ്മായുടെ മകൻ ഷാജഹാൻ (മരിച്ചു), അവനും ഈ കച്ചവടത്തിൽ പങ്ക് വഹിച്ചിട്ടുണ്ട്. കൂടാതെ, പ്രൈസ് കച്ചവടവും നടത്തിയിട്ടുണ്ട്. ഇന്ന് വർക്കലയിലെ പ്രമുഖ മുതലാളിമാർ ഉമിക്കരി കച്ചവടം നടത്തിയിട്ടുണ്ട്.

> **"നാട്ടിൽ പോകുമ്പോൾ കാണുന്ന സമയത്ത് മനസ്സിന് പ്രയാസം ഉണ്ടാകുന്നു."**

വർഷങ്ങൾ അഞ്ച് കഴിഞ്ഞ്, പത്താം ക്ലാസ്സിൽ തോൽവി ഒന്നും ഇല്ലാതെ എത്തി. പഠിക്കുന്നതിന് ആവറേജ് ആയിരുന്നു. അങ്ങിനെ പത്താം ക്ലാസിലെ പരീക്ഷയ്ക്കുള്ള മാസം, മാർച്ച് എത്തി. ഞാനും ബാബുവും (മരിച്ചു) ഒരുമിച്ച് എന്റെ വീട്ടിലിരുന്നു പഠിച്ചു. ഉമ്മ ഞങ്ങൾക്ക് കട്ടൻ ഫ്ളാസ്കിൽ വച്ചിട്ടുണ്ടാവും..

നിർഭാഗ്യവശാൽ എന്റെ കാലിന്റെ മുട്ടിൽ നീരുവന്ന്, നടക്കാൻ കഴിയാത്ത അവസ്ഥയായിരുന്നു. പരീക്ഷ ദിവസം എന്നെ എന്റെ സഹോദരൻ സ്കൂളിൽ കൊണ്ടു പോകുകയും തിരിച്ചു കൊണ്ടു വരികയും ചെയ്തിരുന്നു. അങ്ങിനെ പത്താം ക്ലാസ്സ് പരീക്ഷ കഴിഞ്ഞു. ആശുപത്രിയിൽ പോയി ചികിത്സ ചെയ്തു അസുഖം കുറഞ്ഞു.

രണ്ട് മാസം കഴിഞ്ഞ് റിസൾട്ട് വന്നു. ഞാൻ ജയിച്ചു.

ബാബു തോറ്റു. ഞാൻ വർക്കല S. N. കോളേജിൽ പ്രീ ഡിഗ്രിക്ക് ചേർന്നു. ജേഷ്ഠനും ബാബുവും ഗൾഫിൽ പോയി.

എന്റെ ബാല്യകാല ഓർമ്മകൾ ഇവിടെ അവസാനിയ്ക്കുന്നു. ഇനിയും ഓർമ്മകൾ തുടരും...





താര രവിന്ദ്രൻ

# സത്യാനന്തരം

സത്യങ്ങൾ പൊത്തിലൊളിക്കുന്നു
മിഥ്യകൾ സത്യങ്ങളായ് ചമഞ്ഞൊരുങ്ങിയിറങ്ങുന്നു
അവയുടെ പാമ്പിൻതോലുകൾ
ഉറയൂരുന്നു

ഓന്തുകളവ ഓടിച്ചെന്നെടുത്തുടുക്കുന്നു
പിന്നെ, പിളർന്ന നാക്കുകൾ നീട്ടി ശീൽക്കാരങ്ങളുതിർത്ത്
ഉഗ്രവിഷം തുപ്പുന്ന നാഗമൂർത്തികളായി
വാഴ്ത്തപ്പെടാനൊരുങ്ങി
കാടു കേറുന്നു
ഇല്ലാത്ത പത്തി കാട്ടുന്നു
സ്വത്വം മറന്നാടുന്നു

കാടുകൾ മുറിവേറ്റു നീറുന്നു
തവിട്ടുനിറമാർന്നു തരിശാവുന്നു
പാടങ്ങൾ പരിസ്ഥിതിയാത്രക്കാർക്ക്
വഴിയമ്പലങ്ങളൊരുക്കി
വീഞ്ഞും വിരുന്നും വിളമ്പി
അത്താഴപ്പട്ടിണി കിടന്നു മരിക്കുന്നു
ആ മരണങ്ങൾ ഉത്സവങ്ങളായി കൊണ്ടാടപ്പെടുന്നു

ഉത്സവച്ചവറുകൾ കുമിയുന്ന ചെറുകുന്നുകളിൽ നിന്ന്
നിറമുള്ള ധൂമപടലങ്ങൾ ഉയരുന്നു
അവ പൂതനാരൂപങ്ങൾ പൂണ്ട്
അരുവികളെ മുലകളൂട്ടുന്നു
അമ്മമാരാകുന്നു
സ്നേഹസ്വരൂപിണികളെന്നു
സ്വയം പെരുമകൊള്ളുന്നു

അവസാനത്തെ ആറും ഓടിത്തളർന്നു
കിതച്ചെത്തി നിൽക്കുന്നു
അക്ഷയപാത്രത്തിൽ ശേഷിച്ചൊ-
രൊറ്റവറ്റായ് വറ്റിയൊതുങ്ങുന്നു
പിന്നെ വരളുന്നു
കണ്ണീരുറവകൾ മാത്രമതിൽ
കിനിയുന്നു, ചിലപ്പോളവ
മിന്നലായ് മിഴിയുന്നു

കണ്ണുകളടയുന്നു
അത് നിദ്രയെന്നാവുന്നു



# ഒരു മണി വിശപ്പ്

വിദ്യ കണിമംഗലത്ത്

> **ഞാൻ ഒന്ന് പുഞ്ചിരിച്ചു മനസ്സിൽ. ദൈവമേ എന്തിന് എന്നോടിത് ചെയ്തു ഈ നാശം പിടിച്ച രാത്രി വിശപ്പ് ഒന്ന് നിന്നാൽ മതി ആയിരുന്നു.**

പണ്ട് തൊട്ടേ എനിക്കുള്ള ഒരു സ്വഭാവം ആണ് രാത്രി ഒരു മണി കഴിഞ്ഞും ഉറങ്ങാതെ ഇരുന്നാൽ അപ്പൊ ഒരു വിശപ്പ് വരും, ഇനി നേരത്തെ ഉറങ്ങിയെന്നു വിചാരിക്കാ, പെട്ടെന്നു ഉറക്കത്തിൽ നിന്ന് എണീറ്റ് സമയം നോക്കി 'ആഹ് ഒരു മണി കഴിഞ്ഞോ', ഉടനെ ആ വിശപ്പ് വരും!
12.55 ആയാലും കുഴപ്പല്യ ഒരു മണി ആയാലേ കുഴപ്പ മുള്ളൂ.

ആമി ഉള്ള സമയത്തു രാത്രി ഇതുപോലെ കള്ളനെ പ്പോലെ പതുങ്ങി പതുങ്ങി അടുക്കളയിൽ കയറുന്ന അതെ സമയം അവളും വരും കൂടെ. പിന്നെ ഒരുമിച്ചു ഇരുന്നു എന്തൊക്കെ ഉണ്ടോ അതൊക്കെ കൊത്തിപ്പെറുക്കി കഴിച്ചു വെള്ളോം കുടിച്ചു പോയി കിടന്നു ഉറങ്ങും.
അമ്മയും ചേച്ചിയും എല്ലാം ഇത് കണ്ടാൽ ഒന്നും പറയേം ഇല്ല. അവരും കൂടെ കൂടി ജോളി ആയി ഇരുന്നു കഴിച്ചു എണീറ്റ് പോകും.

ചേച്ചിയുടെ കല്യാണം കഴിഞ്ഞു മനു ചേട്ടൻ വന്നപ്പോ ചേട്ടനും ഈ സ്വഭാവം കിട്ടി. അതുകൊണ്ട് തന്നെ പാതിരാത്രി അടുക്കള വാതിൽ ആര് തുറന്നു വന്നാലും അവിടെ ഒരു നിഴൽ കണ്ടാൽ തമ്മിൽ തമ്മിൽ പേടിക്കില്ല.
പക്ഷെ കതിർനു ഇതെല്ലം പുതിയ അനുഭവങ്ങൾ ആയിരുന്നു. 'രാത്രി നീ ശെരിക്കും ഫുഡ് കഴിച്ചില്ലേ, പിന്നെ എന്താ വീണ്ടും വിശപ്പ് എന്താ ഇങ്ങനെ? എന്നൊക്കെ നൂറ് ചോദ്യങ്ങൾ കേട്ടണ്ട് ഞാൻ...

എല്ലാത്തിനും ഒരു ചെറു പുഞ്ചിരി മാത്രം എനിക്ക് പറയാൻ ഉള്ളു. പിന്നെ പിന്നെ ചോദ്യങ്ങൾ ഇല്ലാതെ ആയി കതിർ തന്നെ ഉത്തരം പറഞ്ഞു തുടങ്ങി 'അവൾക്ക് രാത്രി വിശപ്പ് ആണ്'!

ഞാൻ കതിർന്റെ വീട്ടിൽ പോയാൽ അവിടെ അമ്മയും ചേച്ചിമാരും രണ്ട് പാക്കറ്റ് ബ്രഡ് വാങ്ങി വെക്കും, എന്നിട്ട് കിടക്കാൻ നേരത്ത് എന്നോട് പറയും 'ദേ അടുക്കളയിൽ ബ്രഡ് ഉണ്ട് നിനക്ക് രാത്രി വിശന്നാൽ പോയി എടുത്തു കഴിച്ചോളൂ' എന്ന്. ഇത് കേൾക്കുന്ന ഞാൻ എന്റെ രാത്രി വിശപ്പിനു മനസ്സിൽ പ്രാകികൊണ്ട് അവരെ നോക്കി നന്ദിയോടെ ചിരിച്ചു കിടക്കാൻ പോവും എന്നിട്ട് അവരൊക്കെ ഉറങ്ങിയെന്നു കണ്ടാൽ പതുങ്ങി പതുങ്ങി പോയി ഒരു പാക്കറ്റ് ബ്രഡ് എടുത്തു മുറിയിൽ കൊണ്ട് വന്നു ഇരുട്ടത്തു ഇരുന്നു കഴിക്കും.
ഇതേ സമയം കതിർ കിടക്കയിൽ നിന്ന് തല മാത്രം പൊക്കി ഞാൻ കഴിക്കുന്നത് നോക്കി വീണ്ടും തല ചെരിച്ചു കിടന്നു ഉറങ്ങും. ഇതെന്ത് ജീവിയെന്നു മനസ്സിൽ ഓർക്കുന്നുണ്ടാവും.

വർഷം ഇങ്ങനെ പോയി പോയി, പാത്തു വന്നു. ഡെലിവറി കഴിഞ്ഞു ഇരിക്കുന്ന ദിവസങ്ങളിൽ വീട്ടിൽ സഹായത്തിന് ഒരു ആൻറി ഉണ്ടായിരുന്നു. ചില ദിവസങ്ങളിൽ കാലത്തേ എണീക്കുമ്പോൾ അടുക്കള ഷെൽഫിൽ ഇരിക്കുന്ന സ്നാക്ക്സ് ടിൻ എന്റെ മുറിയിൽ കാണുമ്പോ ആന്റി  വെറുതെ ചോദിക്കും, 'രാത്രി നല്ല വിശപ്പ് ആയിരുന്നു ലെ വിദ്യക്ക്?'. ഞാൻ ഒന്ന് പുഞ്ചിരിച്ചു മനസ്സിൽ ദൈവമേ എന്തിന് എന്നോടിത് ചെയ്തു ഈ നാശം പിടിച്ച രാത്രി വിശപ്പ് ഒന്ന് നിന്നാൽ മതി ആയിരുന്നു.

വീണ്ടും ഒരു വർഷം കൂടി കഴിഞ്ഞു, പാത്തുവിന് നല്ല പനി വന്നു. ഞങ്ങൾ മാനസികമായി തകർന്ന ഒരു സമയത്തെ പറ്റി എഴുതിയില്ലേ. ആ സമയത്തേക്ക് വരാം. രാത്രി ഫുൾ ഉറങ്ങാതെ ഇരുപ്പ് ആയിരുന്നു ലോ. ഇതുപോലെ ഒരു മണി കഴിഞ്ഞാൽ വിശപ്പ് വന്നു എത്തി നോക്കും. എത്ര സഹിച്ചു ഇരുന്നാലും കാര്യല്ല, പിന്നെ ശർദ്ദിക്കാൻ വരൽ ആയി, ആകെ പരാക്രമം ആയി. അങ്ങിനെ ഒരു ദിവസം രാത്രി ഒരു കണക്കിന് പാത്തുവിനെ ഉറക്കി, ഞാൻ വേഗം അടുക്കളയിലേക്ക് വന്നു, നാട്ടിൽ നിന്ന് വന്ന സമയം ആയത് കൊണ്ട് ശർക്കരവരട്ടി, കായ, ചിപ്സ്, ചക്ക വറത്തത്  എല്ലാം ഈരണ്ട് പാക്കറ്റ് വീതം കൊണ്ട് വന്നിട്ടുണ്ട് .
അതിൽ നിന്ന് ശർക്കരവരട്ടി ഒരു പാക്കറ്റ് എടുത്തു ഓപ്പൺ ചെയ്തു അടുക്കളയുടെ ഒരു കോർണറിൽ ഇരുട്ടത്തു ഇരുന്നു മൊബൈൽ വെളിച്ചം കുറച്ചു ഇട്ടു ഇൻസ്റ്റാഗ്രാം നോക്കി ഇരിക്കാ ഞാൻ, ഒരു പത്തു മിനിറ്റ് ആയി കാണും, പെട്ടെന്ന് അടുക്കള വാതിൽ തുറന്ന് ലൈറ്റ് ഇടുന്നു കതിർ.

മുക്കിൽ ഇരുന്നു പാക്കറ്റും പിടിച്ചു വായിൽ മുഴുവൻ ശർക്കരവരട്ടി ആയി ഇരിക്കുന്ന ഞാൻ.  കതിർ ഒന്നും മിണ്ടാതെ ലൈറ്റ് ഓഫ് ആക്കി പോയി. ഞാൻ ഇരുന്നു ഉരുകി ഉരുകി മനസ്സിൽ അറിയാവുന്ന ചീത്ത എല്ലാം വിളിച്ചു, എന്റെ ഈ നാശം പിടിച്ച വിശപ്പിനെ... ഇനി ഞാൻ എങ്ങിനെ കതിർനെ ഫേസ് ചെയ്യും. പുള്ളി വിചാരിക്കുന്നുണ്ടാവും 'കൊച്ചിന് ഇവിടെ പനിച്ചു വിറക്കാ അവൾ അവിടെ ഇരുന്നു തിന്നുന്നു', ദൈവമേ എന്നോട് എന്തിനീ ചതി!. പിന്നെ കുറെ നേരം അടുക്കളയിൽ തന്നെ ഇരുന്നു, പകുതി ആയ ശർക്കര വരട്ടി പാക്കറ്റ് റബർ ബാൻഡ് കൊണ്ട് കെട്ടി ഷെൽഫിൽ വച്ചിട്ട് പതുക്കെ പോയി കിടന്നു.

പിറ്റേ ദിവസം ആണ് പാത്തുവിനെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആക്കുന്നത്. രാത്രി കഴിക്കാൻ രണ്ട് സാൻഡ് വിച്ച് വാങ്ങി വന്നു കതിർ. നോക്കുമ്പോ ഒരാൾക്ക് വയറ് നിറയെ കഴിക്കാൻ ഉള്ള അത്ര വലുത്. ഞാൻ ഒരെണ്ണം മുഴുവൻ കഴിച്ചു. കതിർനു പകുതി ആയപ്പോ തന്നെ മതിയായി പറഞ്ഞു അടച്ചു വച്ചു.
ഹോസ്പിറ്റലിൽ ഒരാൾക്ക് അല്ലെ നിക്കാൻ പറ്റുള്ളൂ അപ്പോ കതിർ പോട്ടെ പറഞ്ഞു എണീറ്റപ്പോ ഞാൻ പറഞ്ഞു, ഈ സാൻഡ് വിച്ച് കൂടി കൊണ്ടുപോയ്ക്കോ ചൂടാക്കി കഴിക്കാം എന്ന്. അപ്പോ കതിർ പറഞ്ഞു, 'രാത്രി വിശക്കുന്നത് നിനക്ക് അല്ലെ ഇവിടെ വച്ചോ ആവശ്യം വരും' എന്ന് പറഞ്ഞു മുറിയിൽ നിന്ന് പുറത്തേക്ക് ഇറങ്ങി. ഞാൻ ഓർത്തു എന്റമ്മോ എനിക്ക് ഇനി ഒന്നും വേണ്ട,  വയറു നിറഞ്ഞു ഇരിക്കാ ഇത് നാളെ കൊണ്ട് കളയാം എന്ന്.

അങ്ങിനെ രാത്രി ഒരു മണി കഴിഞ്ഞു ഹോസ്പിറ്റൽ അല്ലെ ഇടക്കിടെ എണീക്കും, നേഴ്സ് വരും, പാത്തുവിനെ നോക്കും, പോവും. എനിക്ക് പതിയെ പതിയെ വിശപ്പ് തുടങ്ങി. ഞാൻ എണീറ്റ് ഇരുന്നു. എന്താ ചെയ്യാ ആ സാൻഡ്‌വിച്ച് എടുത്തു കഴിക്കണോ വേണ്ടയോ എന്ന് കൺഫ്യൂഷൻ ആയി ഇരിക്കുമ്പോ വിശപ്പ് വന്നു മുന്നിൽ കേറി, ശർദ്ദിക്കാൻ തോന്നി തുടങ്ങി. ആ സാൻഡ്‌വിച്ച് ബോക്സ് ഓപ്പൺ ആക്കിയാൽ മുറി മുഴുവൻ മണം വരും.  പാത്തുവിനെ കൂടാതെ വേറേ രണ്ട് കുഞ്ഞുങ്ങൾ അവരുടെ അമ്മമാർ എല്ലാം ഉണ്ട്  മുറിയിൽ. അവരൊക്കെ അറിയും നാണക്കേട് ആവോ എന്നൊക്കെ ഓർത്തെങ്കിലും അതിലും വലുത് വിശപ്പ് ആയത് കൊണ്ട് ഞാൻ വേഗം ബോക്സ് ഓപ്പൺ ആക്കി ആ പകുതി സാൻഡ്‌വിച്ച് എടുത്തു ഒരു കടി കടിച്ചതും കർട്ടൻ മാറ്റി ഒരു നേഴ്സ് വന്നതും ഒരുമിച്ച് ആയിപോയി. ഞാൻ പറഞ്ഞില്ലെ ഒരു വലിയ സാൻഡ്‌വിച്ച് ആയിരുന്നു അത് എത്ര ചെറിയ കടി കടിച്ചാലും വായ നിറയെ വരും. ഇറക്കണോ തുപ്പണോ എന്ന് അറിയാതെ കണ്ണ് നിറച്ചു ഇരുന്നു.

അവർ വളരെ സൗമ്യമായി എന്നോട് കഴിച്ചോളാൻ പറഞ്ഞിട്ട് പാത്തുവിന്റെ പനി നോക്കാൻ നിന്നു. ഒരു കണക്കിന് വായിലെ ഇറക്കിയിട്ട് ഞാൻ അവരോടു കണ്ണ് നിറച്ചു കൊണ്ട് പറഞ്ഞു 'I didn't eat dinner, പാത്തുവിനെ ഓർത്തു ടെൻഷൻ ആയിരുന്നു' എന്ന് പറഞ്ഞു. അപ്പോ അവര് പറഞ്ഞു 'മോൾ ഇപ്പോ ഓക്കേ ആവും, അമ്മ ഫുഡ് കഴിക്കാതെ ഇരിക്കരുത് നിങ്ങൾക്ക് വയ്യായ വന്നാൽ എന്ത് ചെയ്യും?' എന്ന് സ്നേഹത്തോടെ പറഞ്ഞിട്ട് പോയി.

ദൈവമേ! എന്നോട് നീ ക്ഷമിക്കണേ, ഈ പാവം നഴ്സിനെ പറ്റിച്ചതിൽ എന്ന് ഓർത്തുകൊണ്ട് ഞാൻ കിടന്നു .

പിറ്റേ ദിവസം ഡ്യൂട്ടി തീർന്നു പോകാൻ നേരം അവർ എനിക്ക് ഒരു ഗ്ലാസ് ചൂട് മൈലോ തന്നിട്ട് ആണ് പോയെ. ഒരുപക്ഷെ എന്റെ വിശപ്പ് അവർക്ക് മനസിലായിക്കാണും അല്ലെങ്കിൽ ഒരു പാവം അമ്മ പട്ടിണി കിടന്നുവെന്നു ഓർത്തു സഹതാപം കൊണ്ടാവും. എന്തായാലും ഞാൻ അത് വാങ്ങി കുടിച്ചു. സ്നേഹം ♥

അന്ന് കാലത്തു കതിർ വന്നപ്പോ, ഞാൻ എനിക്ക് ഇടാൻ ഉള്ള ഡ്രെസ്സ്, പാത്തുവിന് ഉള്ള ഡ്രസ്സ്, ബാത്ത് റൂമിൽ ഇടാൻ, റൂമിൽ ഇടാൻ ചെരിപ്പ്, പിന്നെ അങ്ങിനെ ഒരു വലിയ ലിസ്റ്റ് കൊടുത്തിരുന്നു. കതിർ അതെല്ലാം ഒരു വലിയ ബാഗിൽ ആക്കി കൊണ്ട് വന്നിട്ടുണ്ട്.

കട്ടിലിൽ ബാഗ് വച്ചിട്ട്, 'എല്ലാം ഇല്ലേ എന്നു നോക്ക്?' എന്ന് പറഞ്ഞു ഓരോന്ന് പുറത്തേക്ക് എടുത്തു കാണിക്കുന്നുണ്ട്. ആ കൂട്ടത്തിൽ ഞാൻ റബ്ബർ ബാൻഡ് ഇട്ടു വച്ച ബാക്കി ശർക്കരവരട്ടി പാക്കറ്റും. ഞാൻ അത് മാത്രം കാണാത്ത പോലെ നിന്നു.

എന്നെ വീണ്ടും നാണംകെടുത്താൻ ആണോ ഈ മനുഷ്യന്റെ ഭാവം എന്നു ചിന്തിച്ചുകൊണ്ട് നിൽക്കുമ്പോൾ, കതിർ എന്റെ മുഖത്തിന്റെ അടുത്തേക്ക് രണ്ട് പാക്കറ്റ് കവർ നീട്ടിയിട്ട് പറഞ്ഞു 'ദേ രാത്രി ഇരുട്ടത്തു ഇരുന്നു കഴിക്കാൻ കൊണ്ട് വന്നതാ കുറച്ചു ആ നേഴ്സ് പിള്ളേർക്കും കൊടുക്കു' എന്ന് പറഞ്ഞു.

ആ സമയത്തു എനിക്ക് അത്യാവശ്യമായി മൊബൈലിൽ എന്തോ ഒരു കാൾ ചെയ്യാൻ ഉണ്ടെന്നു പറഞ്ഞു ഞാൻ മുറിക്ക് പുറത്തേക്ക് ഇറങ്ങി എന്റെ നാശം പിടിച്ച രാത്രി വിശപ്പിനെ പ്രാകി കൊണ്ട് നടന്നു പോയി.


Alankar Restaurant





OUR BRANCHES

No. 8 Dunlop Street, Little India, Singapore

4 Norris Road, Little India, Singapore

Alankar Express, Koufu Food Court, Woodlands Health Hospital, Woodlands South MRT

Authentic Kerala, Tamil & North Indian Flavours
Expert Catering & Event Management for Every Occasion

Contact
+65 93395729

# കനവിലെ കനവ്





വിജയകൃഷ്ണൻ
തെക്കേമാക്കടത്ത്

(Edgar Allan Poe വിന്റെ
'A Dream Within a Dream'
എന്ന കവിതയുടെ
സ്വതന്ത്ര വിവർത്തനം)

നിൻ കുളിർ നെറ്റിയിൽ മൃദുചുംബനമൊന്നേകി
വിട പറഞ്ഞീടുന്ന നേരം പ്രിയസഖീ,
മൗനം കനക്കുമീ വേളയിൽ നിൻ കളിവാക്കൊന്നു
വിടരുന്നെന്നോർമ്മതൻ ചില്ലമേൽ.

''നീ സ്വപ്ന സഞ്ചാരി'' ഓതി നീ, ''കടിഞ്ഞാണറ്റ
കനവുകൾ പായും വഴിയേ ചരിപ്പവൻ.''
പതിരില്ലതില്ലൊട്ടും, നാം കാണ്മതൊക്കെയും
കനവിലെ കനവെന്ന കൗതുകമോർത്തു ഞാൻ.

വൻതിരകൾ തലതല്ലിയാർക്കുന്ന വെണ്മണൽ -
ത്തീരത്തീ സന്ധ്യയിൽ നിൽപ്പു ഞാനേകനായ്.
ആ മണലാഴിയിൽ നിന്നെൻ വലം കയ്യാൽ വാരി -
യെടുത്തേതോ നിനവിൽ ഞാനൊരുപിടി.

വിരലുകൾക്കിടയിലൂടൂർന്നുപോം മണൽത്തരി -
കളേതു വിഷാദം പൊഴിക്കുന്നെന്നാത്മാവിൽ!
മുറുകെപ്പിടിപ്പതിന്നാവില്ല, ജീവിതപ്പെരുമകളു -
മതുപോലെ നശ്വരമെന്നോർത്തോ?

മിഥ്യയായ് തീരുമീ ജീവിതക്കാഴ്ചകൾ, കനവിലെ -
കനവെന്നോ, വെറുതെ നിനച്ചു ഞാൻ



സവിന കുമാരി



## വൃത്തം

ഉണർവ്വിൽ നിന്നും
ഉണർവ്വിലേക്കു
കുട്ടി ഉറക്കം വരയ്ക്കുന്നു.
എത്ര സ്വപ്നങ്ങളെ കൂട്ടി യോജിപ്പിച്ചാലാണതു
പൂർത്തിയാവുക!

## ക്ലോക്ക്

നേരം ഒട്ടിച്ചു വെച്ചിരിക്കുന്ന
ഉടലും തലയുമില്ലാത്ത
രണ്ടു കാലുകൾ
നിർത്താതെ ഓടിക്കൊണ്ടിരിക്കുന്നു
കാലമെന്ന വട്ടത്തിനകത്ത്.

## മുറിവ്

വേദന, യതിന്റെ ഹൃദയം
മുറിവുകളിൽ
കുഴിച്ചിടുന്നു .
എന്നെ തൊട്ടു നോക്കൂ,
മിടിക്കുന്നതു കേൾക്കാം.



## സ്വപ്നം

വേലിക്കപ്പുറത്തൊളിച്ചു നിൽക്കുന്ന
മദപ്പാടുള്ള
ഒരു സ്വപ്നത്തെ
ഞാനിന്നലെയും കണ്ടു.
എത്ര തവണ
എന്റെ ഉറക്കത്തെ
ചതച്ചരച്ചിരിക്കുന്നു!

## നിശ്ശബ്ദത

ആളുകൾ നിറഞ്ഞ്
അഴുക്കു പറ്റിയ
നഗരത്തെ
രാത്രിയതിന്റെ
നിശ്ശബ്ദത കൊണ്ട്
തൂത്തു തുടയ്ക്കുന്നു.



തയ്യാറാക്കിയത്



ഡോ. സത്യൻ പൂക്കുട്ടത്ത്

# കല, കാലം, കാഴ്ചപ്പാടുകൾ...!

## ശ്രീ കെ ശിവരാമൻ നായർ

ഏഴു പതിറ്റാണ്ടിലേറെയായി സിംഗപ്പൂരിലെ മലയാളികളുടെ മാറിവരുന്ന സാമൂഹിക സാംസ്കാരിക കലാ-കായിക അഭിരുചികൾക്കൊപ്പം നിലകൊണ്ട വേറിട്ട വ്യക്തിത്വത്തിനു ഉടമയാണ് ശ്രീ കെ ശിവരാമൻ നായർ.

സാമൂഹിക-കർമ്മ മണ്ഡലത്തിലുണ്ടാക്കിയ സ്വാധീനത്തെ ചികഞ്ഞെടുത്ത് അഭിമുഖശൈലിയിൽ പ്രസിദ്ധീകരിക്കുക എന്ന ഉദ്ദേശത്തോടുകൂടിയായിരുന്നു അദ്ദേഹത്തിന്റെ വസതിയിലെത്തിയത്. എന്നാൽ അതൊരു സ്നേഹാന്വേഷണത്തിന്റെയും കുശലം പറച്ചിലിന്റെയും സായാഹ്നമായി തീരുകയാണുണ്ടായത്. എന്നിരുന്നാലും അതിലൊരു നേരിന്റെ, നന്മയുടെ വഴി കണ്ടെത്താനായി. എക്കാലത്തേക്കും പ്രസക്തമായ, ഒപ്പം കൗതുകമുണർത്തുന്ന അദ്ദേഹത്തിന്റേതായ ജീവിതവഴിയുടെ ഒരു കുഞ്ഞുഭാഗം



ശ്രീ കെ ശിവരാമൻ നായർ

വായനക്കാരുമായി പങ്കുവെക്കുകയാണ് ഈ ലേഖനത്തിലൂടെ.

1951-ൽ തൃശ്ശിവപേരൂരിൽ നിന്നും ബസ് കയറി, തീവണ്ടി കയറി, പിന്നെ കപ്പൽ കയറി പെനാംഗിൽ വന്നിറങ്ങി ഇരുപത്തിയൊന്നുകാരനായ ശ്രീ കെ ശിവരാമൻ നായർ. തന്നെ യാത്രയാക്കാൻ വന്ന സഹോദരനു ആ യാത്രാനുഭവം പങ്കുവെച്ച ശൈലി ഏറെ രസകരമായിരുന്നു. കുഞ്ചൻ നമ്പ്യാരുടെ ഓട്ടൻ തുള്ളലിന്റെ താളത്തിലും അതിനനുസരിച്ചുള്ള വാക്കുകളിലുമായുള്ള ഒരു വിവരണം. അതിന്റെ തുടക്കം ഇങ്ങനെ ആയിരുന്നു.

താങ്കളുമായി പിരിഞ്ഞതിൽപ്പിന്നെ,
ബി എസ് എൻ എം ബസ്സിലുമേറി...
തൃശ്ശൂർ ടൗണിലുമെത്തിയ ശേഷം
ശീഘ്രം എക്സ്പ്രസ്സ് വണ്ടിയിലേറി
ശട്ടാ ശട്ടാ കൂ കൂ, കൂ കൂ...
ചട്ടട ചട്ടട കൂ കൂ, കൂ കൂ...

അങ്ങനെയനവധി ചട്ടട കൂ കൂ...
മദ്രാസങ്ങനെ അടുത്തിടു വണ്ടി
തക്ഷണമവിടെയിറങ്ങിയ നേരം
രക്ഷയുമേന്തി പലരും വന്നു...
രൂക്ഷതയോടൊരു നോക്കും നോക്കി
അക്ഷമനായി നടന്നു തുടങ്ങീ...

പെട്ടിയുമേന്തി നടക്കാൻ വയ്യ
ചുറ്റും നോക്കി നിൽക്കും നേരം
നമ്പർ പത്താം ബസ്സും വന്നു
നമ്പർലെസ്സാം ആളുകളതിലും
ശീഘ്രം ഞാനും ബസ്സിലുമേറി
ചക്രം നോക്കിയിരിക്കും നേരം
അതിലൊരു ചക്രം താഴെ വീണു...

ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ തുള്ളൽ സാഹിതിയിൽ ചൊല്ലാറുണ്ടെന്നും, അതെല്ലാംതന്നെ അദ്ദേഹത്തിന്റെ തികച്ചും വ്യക്തിപരമോ, കുടുംബവുമായി ബന്ധപ്പെട്ടവയാണെന്നും, എവിടെയും എഴുതിവെച്ചിട്ടില്ല എന്നും മകൻ സുരേഷ് കൂട്ടിച്ചേർത്തു. ഭാഷ, സാഹിത്യം, കല തുടങ്ങിയവയിലുള്ള അദ്ദേഹത്തിന്റെ അടുപ്പവും പ്രാവീണ്യവും കൂടി ഇവ നമ്മെ മനസ്സിലാക്കി തരുന്നു.

ജോഹോറിൽ അപ്രന്റീസ് ആയി രണ്ടു വർഷത്തെ ജോലിക്കുശേഷം, 1953-മുതൽ ഇന്നത്തെ പി യൂ ബിയിൽ സ്റ്റോർ കീപ്പറായി ജോലിയിൽ പ്രവേശിച്ചതിൽപിന്നെ

സിംഗപ്പൂർ മലയാളികളിലൊരാളായി, ഒപ്പം സിംഗപ്പൂർ മലയാള പ്രസ്ഥാനങ്ങൾക്ക്, പ്രത്യേകിച്ച് സിംഗപ്പൂർ മലയാളി അസ്സോസിയേഷനു താങ്ങായും തണലായും തന്റെ സാമൂഹിക കർമ്മമണ്ഡലത്തെ ഉറപ്പിച്ചു.

സ്വാഭാവികമായും ഇത്രയും വർഷങ്ങൾക്കു മുമ്പ് പുതിയ ഒരു രാജ്യത്തിൽ എത്തിയ ഒരാളിൽ നിന്നു അറിയേണ്ട രണ്ടു കാര്യങ്ങളുണ്ട് എന്നു തോന്നി. ആദ്യത്തേത്, നാടുമായി ബന്ധപ്പെടാനും വിവരങ്ങൾ തിരക്കാനുമൊക്കെ ഏറെ ബുദ്ധിമുട്ടുണ്ടായിരുന്ന ആദ്യകാലങ്ങളിൽ നാട് വിട്ടു നിൽക്കുന്നതിൽ വിഷമം ഉണ്ടായിരുന്നോ എന്നും, രണ്ടാമത്തേത്, അന്നത്തെ ജീവിത സാഹചര്യങ്ങൾ ഏറെ കഷ്ടതകൾ നിറഞ്ഞതായിരുന്നോ എന്നുമായിരുന്നു. പൊതുവെ, ഏറെ ദുരിതങ്ങളും വിഷമങ്ങളും നിറഞ്ഞ ഒരു പഴയ കാലഘട്ടത്തിന്റെ ഓർമ്മകളായിരിക്കും പങ്കുവെക്കുവാനുണ്ടാകുക എന്ന് കരുതിയ എനിക്കു തെറ്റി. ഒരു രീതിയിലുമുള്ള ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടി വന്നിട്ടില്ല എന്നും, പതിറ്റാണ്ടുകൾക്കുമുമ്പും സിംഗപ്പൂരിലെ ജീവിത നിലവാരം ഉയർന്നതായിരുന്നു എന്നും, അതിനാൽ നാടുവിട്ടു നിൽക്കുന്നതിന്റെ ഒരു വിഷമവും അനുഭവി ക്കേണ്ടിവന്നിട്ടില്ല എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം തന്റെ ഉള്ളുതുറന്നു.

ഏതാണ്ട് ആറു പതിറ്റാണ്ടോളം സിംഗപ്പൂർ മലയാളി അസ്സോസിയേഷന്റെ കമ്മിറ്റിയിൽ പ്രവർത്തിച്ചു എന്നു പറയുമ്പോൾ, അത് ഒട്ടേറെ തലമുറകളിലുള്ളവരുമായി ഒന്നിച്ചു പ്രവർത്തിക്കാനും, മാറി വരുന്ന കാലഘട്ടത്തിന്റെ അഭിരുചികളെ ഉൾകൊള്ളാനുമുള്ള അദ്ദേഹത്തിന്റെ പാടവത്തെകുറിച്ചുകൂടി അടിവരയിടുകയാണ്.

അസ്സോസിയേഷന്റെ കലാ-കായിക പ്രവർത്തനങ്ങൾ ക്കാണ് പ്രധാനമായും അദ്ദേഹം ചുക്കാൻ പിടിച്ചിരുന്നത്. അസ്സോസിയേഷന്റെ പഴയകാലത്തെ ഓണാഘോഷത്തെ കുറിച്ചു പറഞ്ഞതും നന്മ നിറഞ്ഞതായിരുന്നു. 'എല്ലാവരും ഓണമുണ്ണുക'. അതായത് എല്ലാവർക്കും സൗജന്യമായി രുന്നത്രെ അന്നത്തെ ഓണസദ്യ. സംഭാവനകൾ സ്വീകരിക്കും പക്ഷെ നിർബന്ധമില്ല. ഓണത്തിന്റെ കലാപരിപാടികൾക്കുള്ള പാട്ടെല്ലാം പാടികൊടുത്തിരുന്നു എന്നും അതിൽ സിംഗപ്പൂരിന്റെ പ്രിയകവി കട്ടേലിന്റെ ഓണപ്പാട്ടുകളും പാടിയിരുന്നു എന്ന് പറഞ്ഞു. പാട്ടിന്റെ ഒരു പാലാഴി അദ്ദേഹം ഇപ്പോഴും കൊണ്ടുനടക്കുന്നു, തെറ്റാതെ ഈണത്തിൽ പാടിക്കൊണ്ടിരിക്കുന്നു.

മലയാള നാടകങ്ങൾ സംഘടിപ്പിക്കലും അതിൽ അഭിനയിക്കലുമൊക്കെയായിരുന്നു അന്നത്തെ മറ്റൊരു വിനോദമെന്നു പറയുമ്പോൾ, തന്നെ വേർപിരിഞ്ഞ പ്രിയപത്നി സുഭദ്രടീച്ചറെയും കൂടെ കൂട്ടി. അവർ തന്റെ ഇത്തരം കലാ-കായിക പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പി ക്കൽ മാത്രമല്ല, എല്ലാറ്റിനും ഒപ്പം പങ്കെടുത്തിരുന്നു എന്ന് പറയുമ്പോൾ അതിൽ ഊഷ്മളമായൊരു ഭാര്യാ-ഭർത്തൃ ബന്ധം കൂടി നമുക്കു മനസ്സിലാക്കാം. ഒട്ടുമിക്ക നാടകങ്ങളിലും ഭാര്യ-ഭർത്താവ് വേഷങ്ങളിൽ അവർ ഒരുമിച്ചു അഭിനയിച്ചു. ജീവിതത്തിലെ ബന്ധത്തെ നാടകത്തിലും തുടർന്നു എന്ന് പറയാം.


പത്നി സുഭദ്രയോടൊപ്പം ഒരു പഴയ ചിത്രം

പതിറ്റാണ്ടുകളിലൂടെ ഒട്ടേറെ ഭാരവാഹികളും, സംഘാടകരുമായി തന്റെ സാമൂഹിക കർമ്മമണ്ഡലത്തിൽ അദ്ദേഹം സമ്പർക്കം പുലർത്തി. അതുകൊണ്ട് തന്നെ ഇത്തരം മേഖലകളിൽ പ്രവർത്തിക്കുന്നവരോട് പറയാനുള്ളത് എന്താണെന്ന് അറിയാനുള്ള ആഗ്രഹം ഞാൻ പ്രകടിപ്പിച്ചു. അൽപ്പനേരം ആലോചിച്ചിരുന്നു, പിന്നെ ദൃഢമായി പറഞ്ഞു "ആത്മാർത്ഥതയോടെ പ്രവർത്തിക്കുക..."

സന്ധ്യാനാമത്തിനുള്ള സമയമായിരിക്കുന്നു അദ്ദേഹത്തിന്. ആ പാദങ്ങൾ തൊട്ടു വന്ദിച്ച് യാത്ര പറഞ്ഞു. തിരികെ പോരുമ്പോൾ വലിയൊരു സന്തോഷവും കൂടെയുണ്ടായിരുന്നു. ഒരു നല്ല മനസ്സിന്റെ ഉടമയോടൊപ്പം അൽപ്പനേരം സംസാരിക്കാൻ കഴിഞ്ഞതായിരുന്നു ആ സന്തോഷത്തിനു കാരണമെന്ന് പിന്നീട് ആലോചിച്ചപ്പോൾ മനസ്സിലായി. അത് എങ്ങനെ എഴുതി അറിയിക്കും എന്നറിയാത്തതിനാൽ നിർത്തുന്നു. നിറയെ പാട്ടുകളുമായി സന്തോഷത്തോടെ, ആരോഗ്യത്തോടെ സിംഗപ്പൂർ മലയാളികളുടെ വലിയ കാരണവരായി ഇനിയും തുടരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

MET MECPRO PTE LTD

Ultimate Solution for
Mechanical Engineering




+65 6862 2960 +65 9731 453
9C Lok Yang Way #01-32, Singapore 628630
mecpro@singnet.com.sg
www.mecprosg.com

# നമുക്കൊരു സുൽത്താൻണ്ടാർന്ന്!





കെ. അശോക് കുമാർ

### ആമുഖം

അന്വേഷകനായ ഒരു മനീഷി, അനന്യമായ തന്റെ യാത്രയിൽ അനന്ത വിഹായസിന്റെ എല്ലാ കോണുകളി ലേക്കും ശ്രദ്ധ പതിപ്പിക്കുകയും പ്രപഞ്ച സംരചനയുടെ ഭാവങ്ങളുടെ സാംശീകരണങ്ങളെ തന്റേതായ ഒരു ഭാഷയുടെ ഭാഷയിലൂടെ തീക്ഷ്ണമായ അനുഭവങ്ങളുടെ ആലയിൽ ഉരുക്കിയ ഒരു സവിശേഷ സാഹിത്യമണ്ഡലം. അതാണ് ബഷീറിയൻ ആഖ്യാനകല. യഥാതഥ കാര്യകാരണങ്ങളെ പ്രശ്നവൽക്കരിക്കുന്ന ഒരു ശൈലി, അനുഭവത്തിന്റെ മാന്ത്രികമായ കരവിരുതിൽ തീർത്ത വാസ്തുവിദ്യ!.

കല 'ക' ക്കും 'ല' ക്കും ഇടയിൽ ഭൂഗോളം, സൂര്യചന്ദ്രന്മാർ, സൗരയൂഥം, ക്ഷീരപഥം, അണ്ഡകടാഹം, വിശ്വപ്രപഞ്ചം തന്നെ ഉൾക്കൊണ്ടിട്ടുണ്ട് എന്ന് തർക്കിക്കുന്ന ബഷീർ. Dr. Bandharos Burasi Boras തൊട്ടു 'എട്ടുകാലി മമ്മൂഞ്ഞു' വരെയുള്ള പാത്ര നാമീകരണവും, പാത്ര സൃഷ്ടികളും, 'കള്ള സാക്ഷി പറയാൻ കയേല്ല്യ' എന്ന സഹജമായ നിഷ്കളങ്കതയോടെ നമ്മളെ പലതും പഠിപ്പിച്ച അദ്ദേഹം മലയാളി സാമൂഹ്യ മനസ്സിലാകെ ബൗദ്ധികമായ ഒരുണർവ്വ് സൃഷ്ടിച്ച മാന്ത്രിക കലാകാരനാണ്. വിശ്വത്തിന്റെ ഒരു മൂലക്കിരുന്ന് അണ്ഡകടാഹത്തിന്റെ സകലമാന രസക്കൂട്ടു കൾ ചേർത്ത് സാഹിത്യക്കൊട്ടാരം കെട്ടിയ കേരള സാഹിത്യമണ്ഡലത്തിലെ ഒരു സുൽത്താൻ. ആ രസചേരുവകളുടെയും, ഫലിത മിശ്രണങ്ങളുടെ ചാരുതകളെയും കുറിച്ച്, മൗലികമായ ആ സാഹിത്യ സപര്യയുടെ ശൈലികളുടെ ഒരു ആസ്വാദനമാണ് ഈ ലേഖനം

### സർവ്വനാശത്തിന്റെ രൂപകങ്ങൾ

'ഓരോ വാക്കുകളിലും രക്തം പൊടിഞ്ഞു നിൽക്കുന്ന ബാല്യകാല സഖി' നമുക്കുതന്ന ബഷീർ ഇരുണ്ട യാഥാർഥ്യങ്ങളുടെ ഒരു നേർചിത്രം തീർത്തും വ്യത്യസ്തമായി നമുക്ക് മുന്നിൽ വരച്ചു കാട്ടുന്നു.

'ശബ്ദങ്ങൾ', ഒരു പട്ടാളക്കാരന്റെ വെളിപാടുകളിലൂടെ യുദ്ധവും കലാപവും അരാജകമാക്കുന്ന, ലോകത്തിന്റെ ഏതു പ്രദേശത്തിനും അന്യമാകാത്ത രോദനങ്ങളുടെ രേഖാചിത്രങ്ങൾ നമ്മുടെ മുൻപിൽ വെക്കുമ്പോൾ ആ മനസ്സിന്റെ വിങ്ങലുകൾ ഇടിനാദമായി നമ്മളിൽ പതിക്കുന്നു. യുദ്ധഭൂമിയിലെ സ്നേഹിതന്റെ രോദനം , ആ നിലവിളി രക്ഷിക്കാനല്ല! പകരം കൊന്നു തരാൻ ആയിരുന്നു എന്ന് നമ്മളോട് പറയുമ്പോൾ, ദേഹമാസകലം പൊള്ളി, ചുടു ചോരയിൽ പിടഞ്ഞു അലറി വിളിച്ചു കരയുന്ന സുഹൃത്തിനെ ശരീരത്തിന്റെ പിടച്ചിലിൽ നിന്നും മോചിപ്പിക്കുന്ന ആ പട്ടാളക്കാരനിലൂടെ 'ദയ' എന്ന വികാരത്തിന് വേറൊരു അർത്ഥതലം സ്വരുക്കൂട്ടി നമുക്ക് തരുകയായിരുന്നു ബഷീർ. ആ ചോരക്കളങ്ങളിൽ കുളിച്ച മനുഷ്യന്, മനുഷ്യർക്ക് ഭൂമിയുടെ ചോരയായി വെള്ളം മാറുന്നത് ഒട്ടും അതിശയോക്തി അല്ല. 'പാപപങ്കിലമായ വെള്ളം' ഒരു പ്രതീകമാണ്. മനുഷ്യകുലത്തിന്റെ ദുരയുടെ, ആക്രമോത്സുകതയുടെ, രാക്ഷസീയതയുടെ, തുടർന്ന് കൊണ്ടേയിരിക്കുന്ന നശീകരണങ്ങളുടെ പ്രതീകം!

### നിറങ്ങൾ പാടുമ്പോൾ

തനിക്ക് പറയാനുള്ളത് പറയുന്നതിനുള്ള വാസ്തുവിദ്യ യുടെ അപാര മൗലിക ചാതുര്യമാണ് അദ്ദേഹത്തിൻറെ സൃഷ്ടികളിൽ ഉടനീളം നമുക്ക് കാണാൻ കഴിയുക. ഹാസ്യാത്മകമായി, ഉദാത്തമായ വ്യംഗത്തോടെ ചോദ്യോത്തര രൂപത്തിലും അല്ലാതെയും നമ്മളേ അനുഭവഭേദ്യത്തിന്റെ വ്യസ്തസ്ഥ തലത്തിലേക്ക് എടുത്തുയർത്തുന്ന ആ ബഷീറിയൻ ശൈലി അനന്യമാണ്, അമൂല്യമാണ്. സംഭവങ്ങളുടെ കുറിക്കു കൊള്ളുന്ന

അവതരണരീതിക്കുമപ്പുറം വാക്കുകളുടെ, ശബ്ദങ്ങളുടെയും വെളിച്ചത്തിന്റെയും അത്ഭുതകരമായ ഒരു മിശ്രണരീതിയും അദ്ദേഹത്തിന്റെ ചില കൃതികളിൽ നിഴലിക്കുന്നതായി കാണാം.

സാഹിത്യത്തെക്കാൾ സംഗീതത്തെ ഇഷ്ടപ്പെട്ടിരുന്ന ബഷീർ, സൈഗാളിനെയും, പങ്കജ് മാലികിനെയും, സുബ്ബലക്ഷ്മിയെയും, ഏറ്റവും ശ്രേഷ്ഠസ്വരമായി കരുതിയിരുന്ന ബ്രയാൻ റോബ്സനെയും അകമഴിഞ്ഞ് ശ്രവിക്കുകയും ആ സ്വരമാധുരികളിലൂടേ, പ്രപഞ്ചത്തിന്റെ നാദവിസ്മയങ്ങളെയും വർണ്ണ രാജികളെയും സമഞ്ജസിപ്പിച്ച് അദ്ദേഹം സാഹിത്യ വിരുന്നൊരുക്കിയിരുന്നു. 'ഇളം നീലനിറത്തിൽ ആടിക്കുഴഞ്ഞുവരുന്ന മാദക മനോഹര ഗാനമേ' എന്ന പ്രയോഗം ആ മിശ്രണ രീതിയുടെ ഒരു ഭാവാത്മക ദൃഷ്ടാന്തമാണ്. 'നീലവെളിച്ചം' എന്ന കഥയും അതിനോട് ചേർന്നെടുത്ത 'ഭാർഗവീനിലയം' എന്ന ദൃശ്യ വിസ്മയമവും ആ അനന്യമായ സമന്വയ ശൈലിയുടെ മകുടോദാഹരണ മാണ്.

## ഭൂമിയുടെ മന്ദഹാസമായി പൂക്കൾ

അണ്ഡകടാഹം എന്ന തന്റെ വളരെ പ്രിയപ്പെട്ട പ്രയോഗത്തെ പല രീതിയിൽ സാംശീകരിക്കുകയും ആ ബൃഹദ് വീക്ഷണത്തെ സ്ഥൂലീകരിച്ചു നിർമ്മിക്കുന്ന ഒരു ബിംബസൗകുമാര്യത അദ്ദേഹത്തിന്റെ കൃതികളുടെ പ്രത്യേകതയാണ്.പലപ്പോളും പൂന്തോട്ടങ്ങളും പൂവുകൾ തന്നെയും ആ ബിംബവൽക്കരണത്തിനുതകുന്ന ഉപകരണങ്ങളും ആകാറുണ്ട്.

സുഹ്റ നട്ട ചെമ്പരത്തിയിൽ വിരിഞ്ഞ 'പച്ചില കാടുകളിൽ ചോര പൊട്ടി ചിതറി നിൽക്കുന്ന ചെമപ്പായ പൂക്കൾ!' എന്ന വർണനയിലൂടെ ബഷീർ അനുവാചകനിലേക്കു സുഹ്റയുടെയും മജീദിന്റെയും ഹൃദയവ്യഥകളെ വേരോടെ പറിച്ചു നടുകയാണ്.




അനർഘനിമിഷം എന്ന നോവലിൽ, 'ഏകാന്തതയുടെ മഹാതീരം' ശീർഷകത്തിൽ അദ്ദേഹം ഒരു പനിനീർപ്പൂവിനെ കല്പനചെയ്തിരിക്കുന്നത് നോക്കൂ.പ്രണയവും പൂക്കളും ഒരുമിച്ചുല്ലസിക്കുന്ന ആ മഹാ മനസ്സിന്റെ തുടിപ്പ് നിങ്ങൾക്കതിൽ കാണാൻ കഴിയും.

മതിലുകളിൽ ജയിലിലെ നാരായണിക്ക് കൊടുത്ത പ്രണയബിംബം ചുള്ളിക്കമ്പ് ആകുന്നതിൽ ഒട്ടും അത്ഭുതമില്ല, എന്തിന്? ഒരു പുഴുങ്ങിയ മുട്ടയായിരുന്നു സൈനബയുടെ കാമുകനുള്ള സമ്മാനം. കുഞ്ഞിപാത്തുമ്മയുടെ പ്രണയഭരിതമായ മനസ്സ്, മുല്ലപ്പൂമൊട്ടിൻ നൈർമല്യത്തോടെ ആവിഷ്ക്കരിക്കുന്ന ബഷീർ തന്റെ കഥാപാത്രങ്ങളുടെ അനുഭവ പരിസരങ്ങൾക്കനുസരിച്ചു അവരെ കൊത്തി വയ്ക്കാൻ കഴിവുള്ള സാഹിത്യ വിസ്മയമാണ്..

